# ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ്ഹോമിയോപ്പത്സ് കേരള

*രജി. നമ്പർ. 264/87*

# വാർഷിക റിപ്പോർട്ട് 2010 – 2011

പ്രിയ ഡോക്ടർമാരെ,

ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പത്സ് കേരള എന്ന സംഘടന 1987 ഫെബ്രുവരി ഒന്നാം തീയതി കൊല്ലത്ത് ജവഹർ ബാലഭവനിൽ രൂപം കൊണ്ടു. നാളിതുവരെ ഈ സംഘടന കേരളത്തിലെ ഡോക്ടർമാരുടെയും ഹോമിയോപ്പതിയുടെയും ഉന്നമനത്തിനായി ആത്മാർത്ഥമായി പ്രവർത്തിച്ചു വരുന്നു. സംഘനടക്ക് ജന്മം നൽകുകയും തുടർന്ന് നാളിതുവരെ സംഘടനയെ മുന്നോട്ടു നയിക്കുകയും ചെയ്ത എല്ലാ മുൻ ഭാരവാഹികളെയും ഈ അവസരത്തിൽ സ്മരിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലമായി സംഘടന വിശ്വസിച്ച് എന്നിൽ ഏൽപ്പിച്ച ഉത്തരവാദിത്വം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ആത്മാർത്ഥമായും സത്യസന്ധമായും നിക്ഷ്പക്ഷമായും പ്രവർത്തിക്കുവാൻ എനിക്കു കഴിഞ്ഞുവെന്നുള്ള ഉത്തമബോധ്യത്തോടെ എല്ലാവരുടെയും അനുവാദത്തോടെ 2010-2011 ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കട്ടെ.

## ഐ. എച്ച്. കെ. 23 -ാം മത് സംസ്ഥാന വാർഷിക സമ്മേളനം

23 -ാം മത് സംസ്ഥാന തിരെഞ്ഞെടുപ്പ് പ്രതിനിധി സമ്മേളനം 2010 മെയ് 8 -ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് കോഴിക്കോട് ഹോട്ടൽ സ്പാനിൽ സംസ്ഥാന പ്രസിഡന്റ് ഡോ. കെ. സി. പ്രശോഭ് കുമാർ പതാക ഉയർത്തിയതോടെ ഗംഭീര തുടക്കമായി. 10.15 ന് ഓർഗനൈസിംഗ് കമ്മിറ്റിയുടേയും IHK സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും സംയുക്ത മീറ്റിംഗ് ആരംഭിച്ചു. IHK സംസ്ഥാന പ്രസിഡന്റ് ഡോ. കെ.സി. പ്രശോഭ് കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ബ്രിട്ടോ സിറിയക് ജോസഫ് സ്വാഗതം ആശംസിച്ചു. IHK സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഇ. നീരജ് ഇതുവരെയുള്ള ക്രമീകരണങ്ങളെ കുറിച്ച് വിശദീകരിച്ചു. ഡോ. പി. ഗോപിനാഥ്, ഡോ. സി.ജെ.വറുഗീസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. 23 -ാം മത് സംസ്ഥാന കൺവൻഷൻെറയും, 70-ാം മത് സംസ്ഥാന ശാസ്ത്ര സമ്മേളനത്തിന്റെയും നടത്തിപ്പിനായി സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ യോഗം വിലയിരുത്തി.

## 2010 – 2011 ലെ ആദ്യ സംസ്ഥാന കൗൺസിൽ യോഗം

2010 മെയ് 8 -ാം തിയതി രാവിലെ 11 മണിക്ക് പുതുവർഷത്തെ ആദ്യ സംസ്ഥാന കൗൺസിൽ യോഗം ആരംഭിച്ചു. മൗന പ്രാർത്ഥനക്ക് ശേഷം സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ബ്രിട്ടോ സിറയക് ജോസഫ് സംസ്ഥാന കൗൺസിൽ അംഗങ്ങൾക്ക് സ്വാഗതം പറഞ്ഞു, തുടർന്ന് സംസ്ഥാന പ്രസിഡന്റ് ഡോ. കെ. സി.

പ്രശോഭ് കുമാർ, നിർണ്ണായകമായ കാലഘട്ടത്തിലൂടെ കടന്നു പോകുന്ന സംഘടനയെ സംരക്ഷിക്കുവാൻ ഓരോ അംഗങ്ങളും തയ്യാറാകണമെന്നും IHK ക്ക് വേണ്ടി പ്രവർത്തിക്കുവാൻ തയ്യാറുള്ളവർ മുൻ നിരപ്രവർത്തകരായി വരണമെന്നും ആഹ്വാനം ചെയ്തുകൊണ്ട് സംസാരിച്ചു. സംസ്ഥാന ഇലക്ഷൻ നീരീക്ഷകരായി എറണാകുളം ജില്ലാ സെക്രട്ടറി ഡോ. പ്രവീൺ ധർമ്മ രത്നത്തേയും മലപ്പുറം ജില്ലാ സെക്രട്ടറി ഡോ. പി. എ. നൗഷാദിനേയും നിയമിച്ചിരിക്കുന്നതായി സംസ്ഥാന പ്രസിഡന്റ് സഭയെ അറിയിച്ചു. തുടർന്ന് പ്രവർത്തന വർഷത്തിൽ ജില്ലകളിൽ നിന്നും തിരെഞ്ഞെടുക്കപ്പെട്ട ജില്ല സെക്രട്ടറിമാരെയും പദവി നിമിത്ത അംഗങ്ങളെയും ജനറൽ സെക്രട്ടറി യോഗത്തിൽ പ്രഖ്യാപിച്ചു.

| | ജില്ലാ സെക്രട്ടറിമാർ | ജില്ല |
|---|---|---|
| 1. | ഡോ. എസ്. അജയകുമാർ | തിരുവനന്തപുരം |
| 2. | ഡോ. പി. എസ്. ശ്രീകാന്ത് | കൊല്ലം |
| 3. | ഡോ. പി. ചന്ദ്രനാഥ് | ആലപ്പുഴ |
| 4. | ഡോ. അവിനാഷ് നായർ | പത്തനംതിട്ട |
| 5. | ഡോ. സി. ആർ ശ്രീകുമാർ | കോട്ടയം |
| 6. | ഡോ. കെ. എസ്. റോയി | ഇടുക്കി |
| 7. | ഡോ. പ്രവീൺ ധർമ്മരത്നം | എറണാകുളം |
| 8. | ഡോ. വി. ആർ. ഉണ്ണികൃഷ്ണൻ | തൃശ്ശൂർ |
| 9. | ഡോ. പി. എ. നൗഷാദ് | മലപ്പുറം |
| 10. | ഡോ. ലേഖരാജ് | പാലക്കാട് |
| 11. | ഡോ. പി. പി. ജമാൽ മുഹമ്മദ് | കോഴിക്കോട് |
| 12. | ഡോ. കെ. എൻ. വേണുഗോപാലൻ | കണ്ണൂർ |
| 13. | ഡോ. ബോസ് പി. സൈമൺ | വയനാട് |
| 14. | ഡോ. ശ്രീനിഷ് റ്റി.കെ. | കാസർഗോഡ് |

## പദവി നിമിത്ത അംഗങ്ങൾ

| | | | |
|---|---|---|---|
| 1. | ഡോ. കെ. സി. പ്രശോഭ് കുമാർ | - | മുൻ പ്രസിഡന്റ് |
| 2. | ഡോ. ബ്രിട്ടോ സിറയക് ജോസഫ് | - | മുൻ ജനറൽ സെക്രട്ടറി |
| 3. | ഡോ. സ്റ്റാൻലിൻ കുര്യൻ | - | മുൻ ട്രഷറർ |
| 4. | ഡോ. വിദ്യ പ്രകാശ് | - | സി. സി. എച്ച്. അംഗം |
| 5. | ഡോ. കെ. വി. ജോൺ | - | സി. സി. എച്ച്. അംഗം |

| | | | |
|---|---|---|---|
| 6. | ഡോ. എസ്. ജി. ബിജു | - | ഐ. എച്ച്. കെ. ട്രസ്റ്റ് ചെയർമാൻ |
| 7. | ഡോ. എസ്. സഞ്ജീവ് | - | ഐ. എച്ച്. കെ. ട്രസ്റ്റ് സെക്രട്ടറി |

## സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി തിരെഞ്ഞെടുപ്പ് 2010 – 2011

സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിനായി ഇലക്ഷൻ ഓഫീസർ ഡോ. പ്രവീൺ ധർമ്മരത്നം നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് സംസാരിച്ചു. ജനറൽ സെക്രട്ടറി വോട്ടർപട്ടിക അവതരിപ്പിച്ചു. ആകെ 192 സംസ്ഥാന കൗൺസിൽ അംഗങ്ങളിൽ 146 പേർ ഹാജരായിരുന്നു. 15 സീറ്റുകളിലേക്കായി ഈ വർഷം 30 നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കപ്പെട്ടു. എല്ലാ സ്ഥാനാർത്ഥികളും വോട്ടർമാരോട് സംസാരിച്ചു. തുടർന്ന് പോളിംഗ് ആരംഭിച്ചു. 1.30 ഓടെ ഇലക്ഷൻ ഓഫീസർ ബാലറ്റ് പെട്ടി മുദ്ര വച്ചു. തുടർന്ന് 2.30ന് വോട്ടെണ്ണൽ ആരംഭിച്ച് 4.30 ഓടെ നിരീക്ഷകൻ ഡോ. പി.എ. നൗഷാദ് ഫല പ്രഖ്യാപനം നടത്തി. താഴെ പറയുന്ന 15 SEC അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടതായി സഭയെ അറിയിച്ചു.

| | | | |
|---|---|---|---|
| 1. | ഡോ. ജി. ഗിരിശങ്കർ | കൊല്ലം | 106 |
| 2. | ഡോ. ബി. സുരേഷ് | മൂവാറ്റുപുഴ | 88 |
| 3. | ഡോ. ഇ. നീരജ് | ഫറൂക്ക് | 85 |
| 4. | ഡോ. വി. രതീഷ് കുമാർ | തീരൂർ | 84 |
| 5. | ഡോ. സി.ജെ.വറുഗീസ് | കണ്ണൂർ | 83 |
| 6. | ഡോ. റ്റി.എൽ. സൂനിൽകുമാർ | ചാലക്കുടി | 80 |
| 7. | ഡോ. ജി. ഉണ്ണികൃഷ്ണൻ നായർ | കിളിമാനൂർ | 75 |
| 8. | ഡോ. വി. ആർ. കൃഷ്ണൻകുട്ടി | ചേർത്തല | 72 |
| 9. | ഡോ. ബിനോയി എസ്. വല്ലഭശ്ശേരി | കോട്ടയം | 71 |
| 10. | ഡോ. വി.കെ. ദേവരാജ് | ചേർത്തല | 69 |
| 11. | ഡോ. പ്രസാദ് ഉമ്മൻ ജോർജ്ജ് | പുനലൂർ | 69 |
| 12. | ഡോ. കെ.പി. റോഷൻ | ബാലുശേരി | 64 |
| 13. | ഡോ. സുന്ദരം വേലായുധൻ | ആലുവ | 61 |
| 14. | ഡോ. എസ്. പ്രേം പ്രകാശ് | കോഴിക്കോട് | 61 |
| 15. | ഡോ. ഷിബി പി. വറുഗീസ് | കണ്ണൂർ | 61 |

## സംസ്ഥാനഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

അന്നേ ദിവസം വൈകുന്നേരം 5 p.m. ന് സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പിനായി തിരഞ്ഞെടുപ്പ് നിരീക്ഷകരുടെ മേൽനോട്ടത്തിൽ ആദ്യ SEC

യോഗം ചേർന്നു. നിരീക്ഷകർ നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് ആരംഭിച്ചു.

| | | |
|---|---|---|
| സംസ്ഥാനപ്രസിഡന്റ് | | ഡോ.ബ്രിട്ടോസിറിയക് ജോസഫ് |
| വൈസ് പ്രസിഡന്റുമാർ | 1. | ഡോ. ജി. ഉണ്ണികൃഷ്ണൻ നായർ |
| | 2. | ഡോ. റ്റി. എൽ. സുനിൽകുമാർ |
| | 3. | ഡോ. വി. രതീഷ്കുമാർ |
| ജനറൽ സെക്രട്ടറി | | ഡോ. ബി. സുരേഷ് |
| സംസ്ഥാന ട്രഷറർ | | ഡോ. വി. ആർ കൃഷ്ണൻകുട്ടി |
| സെക്രട്ടറി, ഐ. എച്ച്. കെ. ന്യൂസ് | | ഡോ. ഇ. നീരജ് |
| സെക്രട്ടറി, യൂണിറ്റ് ആക്റ്റിവിറ്റീസ് | | ഡോ. വി.കെ. ദേവരാജ് |
| സെക്രട്ടറി, ഗവ: ഏകോപനം | | ഡോ. ബിനോയ് എസ്. വല്ലഭശ്ശേരി |
| സെക്രട്ടറി, അംഗത്വ വികസനം | | ഡോ. ഷിബി. പി. വറുഗീസ് |
| പബ്ലിക് റിലേഷൻ ഓഫീസർ | | ഡോ. സുന്ദരം വേലായുധൻ |
| ചീഫ് എഡിറ്റർ | | ഡോ. എസ്. പ്രേം പ്രകാശ് |
| സെമിനാർ സബ് കമ്മിറ്റി ചെയർമാൻ | | ഡോ. പ്രസാദ് ഉമ്മൻ ജോർജ്ജ് |
| ഫാക്കൽട്ടി ചെയർമാൻ | | ഡോ. സി.ജെ. വറുഗീസ് |
| SSS സ്പെഷ്യൽ ഓഫീസർ | | ഡോ. ജി. ഗിരിശങ്കർ |
| ട്രസ്റ്റ് നോമിനി | | ഡോ. കെ.പി. റോഷൻ |
| SSS മെമ്പർ സെക്രട്ടറി | | ഡോ. സ്റ്റാൻലിൻ കുര്യൻ |

എന്നിവരെ 2010 –2011 വർഷത്തേക്കുള്ള സംസ്ഥാന ഭാരവാഹികളായി തിരഞ്ഞെടുത്തു. എല്ലാ സ്ഥാനത്തേക്കുമുള്ള തിരഞ്ഞെടുപ്പുകൾ സൗഹാർദ്ദത്തോടെ ഏകകണ്ഠേന പൂർത്തിയാക്കുവാൻ സാധിച്ചതിൽ നിരീക്ഷകർ സംതൃപ്തി രേഖപ്പെടുത്തി. 6 p.m.ന് വീണ്ടും ചേർന്ന SC യോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ വിവരം നിരീക്ഷകൻ ഡോ. പ്രവീൺ ധർമ്മരത്നം സഭയെ അറിയിച്ചു. തുടർന്ന് നടന്ന യോഗത്തിൽ മുൻ പ്രസിഡന്റ് ഡോ. കെ.സി. പ്രശോഭ് കുമാർ, ഏറ്റെടുത്ത എല്ലാ ജോലികളും തനിക്ക് പൂർത്തിയാക്കുവാൻ കഴിഞ്ഞുവെന്നും ചരിത്രത്തിലാദ്യമായി ഒരു മാധ്യമ സെമിനാർ നടത്തുവാനായത് നമ്മുടെ വിജയമാണെന്നും പറഞ്ഞ അദ്ദേഹം സഹകരിച്ച എല്ലാ അംഗങ്ങളോടും നന്ദി പറഞ്ഞുകൊണ്ട് സ്ഥാനം ഒഴിയന്നതായി സഭയെ അറിയിച്ചു. മുൻ. ട്രഷറർ ഡോ. സ്റ്റാലിൻകുര്യൻ തന്നോട് സഹകരിച്ച എല്ലാ അംഗങ്ങളോടും നന്ദി പറഞ്ഞുകൊണ്ട് സ്ഥാനം കൈമാറി. പുതിയ പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ്, ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ്, ട്രഷറർ ഡോ. വി. ആർ കൃഷ്ണൻകുട്ടി എന്നിവർ

സ്ഥാനങ്ങൾ ഏറ്റെടുത്തുകൊണ്ട് സംസാരിച്ചു. വാർഷിക പരിപാടികളും ധനാഭ്യർത്ഥനയും മറ്റു കാലിക പ്രാധാന്യമുള്ള വിഷയങ്ങളും സഭ ചർച്ച ചെയ്ത് പാസ്സാക്കി. സംസ്ഥാന തിരഞ്ഞെടുപ്പ് വിജയകരമായി നടത്തിയ നിരീക്ഷകരായ ഡോ. പ്രവീൺ ധർമ്മരത്നം, ഡോ. പി. എ. നൗഷാദ് എന്നിവരോടും പങ്കെടുത്ത അംഗങ്ങളോടും ജനറൽ സെക്രട്ടറി, കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് 8.30 ന് ആദ്യ സംസ്ഥാന കൗൺസിൽ മീറ്റിംങ്ങ് അവസാനിച്ചു.

## 70-ാം മത് ശാസ്ത്ര സമ്മേളനം 9/05/2010

2010 മെയ് 9 ഞായറാഴ്ച കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ 9.30ന് ആരംഭിച്ച ശാസ്ത്ര സെമിനാറിൽ ഡോ. സജിത് നാരായണൻ, ഡോ. എസ്. സവീഷ്കുമാർ, ഡോ. ശ്രീധരനുണ്ണി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

11.30 ന് ആരംഭിച്ച ഉത്ഘാടന സമ്മേളനത്തിൽ ഡോ. കെ. സി. പ്രശോഭ് കുമാർ അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഡോ. ബ്രിട്ടോ സിറിയക് ജോസഫ് NRHM മേഖലയിൽ കേരളത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ മന്ത്രിയുടെ മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പ്രസിഡന്റിന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ സമഗ്ര മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമം നടപ്പിലാക്കുക, വ്യാജ ചികിത്സകർക്ക് അംഗീകാരം നൽകാനുള്ള തെറ്റായ നടപടി പിൻവലിക്കുക, കേന്ദ്ര റയിൽവേ മന്ത്രാലയങ്ങൾക്ക് കീഴിൽ ഹോമിയോപ്പതി ആശുപത്രികൾ തുടങ്ങുക എന്നീ അവശ്യങ്ങൾ മന്ത്രിക്ക് മുമ്പാകെ വച്ചു. കേന്ദ്ര മന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് വിശദമായി സംസാരിച്ചു. യോഗത്തിൽ, കേരളത്തിലെ ഏറ്റവും പ്രഗത്ഭനായ ഹോമിയോപ്പതി ഡോക്ടർക്കുള്ള "IHK യുടെ N.K. ജയറാം അവർഡ്" ഡോ. സുന്ദരം വേലായുധന് മന്ത്രി സമ്മാനിച്ചു. ഈ വർഷത്തെ മാധ്യമ അവാർഡുകൾ മനോരമ വിഷൻ ശ്രീ. ജോഷി കുര്യൻ, AIR കണ്ണൂർ നിലയം ഡയറക്ടർ ശ്രീ. ബാലകൃഷ്ണൻ, മനോരമ ദിനപത്രം പ്രതിനിധി എന്നിവർ ഏറ്റു വാങ്ങി മറുപടി പ്രസംഗം നടത്തി. ചടങ്ങിൽ IHK പ്രതിനിധി സമ്മേളനം പാസാക്കിയ വ്യാജ ചികിത്സകൾക്കെതിരെയുള്ള പ്രമേയം P.R.O. ഡോ സുന്ദരം വേലായുധൻ അവതരിപ്പിച്ചു.

വാർഷിക സമ്മേളനം വൻ വിജയമാക്കിത്തിർക്കുവാൻ സഹായിച്ച ഫറൂക്ക് യൂണിറ്റ് അംഗങ്ങളേയും കോഴിക്കോട് ജില്ലാ കമ്മിറ്റി അംഗങ്ങളേയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

## 2010-2011 ലെ പ്രധാന നേട്ടങ്ങൾ ഒറ്റ നോട്ടത്തിൽ

1. **25 കൊല്ലമായി സംഘടനയുടെ ആവശ്യങ്ങളിൽ പ്രധാനമായ വ്യാജ ചികിത്സകർക്കെതിരെ IHK യുടെ ചരിത്ര നേട്ടം**
2. **20 വർഷക്കാലമായി സംഘടനക്ക് നഷ്ടപ്പെട്ടുപോയിരുന്ന RNI സർട്ടിഫിക്കറ്റ് പുന:സ്ഥാപിച്ചു.**

3. നഷ്ടപ്പെട്ടുപോയ സംഘടനയുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഈ വർഷം സംഘടിപ്പിച്ച് ഫയലിൽ സൂക്ഷിക്കാനായി.

4. **IHK** യുടെ ചരിത്രത്തിലാദ്യമായി സംസ്ഥാന മുഖ്യമന്ത്രിയെ 72–ാംമത് സംസ്ഥാന ശാസ്ത്ര സെമിനാറിൽ പങ്കെടുപ്പിച്ചു.

5. സംഘടനക്ക് നഷ്ട്ടപ്പെട്ടുപോയ **Postel Concession** പുന:സ്ഥാപിച്ചുകൊണ്ട് 25 പൈസക്ക് " **IHK News** " പോസ്റ്റ് ചെയ്യുവാൻ സാധിച്ചു. അങ്ങനെ സംഘടനയെ വലിയ സാമ്പത്തിക നഷ്ടത്തിൽ നിന്നും കര കയറ്റി.

6. മുഖ്യ മന്ത്രിയുമായുള്ള കൂടിക്കാഴ്ചയുടെ ഫലമായി കാലങ്ങൾക്ക് ശേഷം 25 സർക്കാർ ഹോമിയോപ്പതി ഡിസ്പെൻസറികൾ തുടങ്ങിപ്പിക്കുവാൻ സാധിച്ചു.

7. **CCRH** ലെ മീറ്റിംഗിൽ **IHK** മുന്നോട്ടു വച്ച ആശ്യമായ " പകർച്ചപ്പനിക്ക് ചികിത്സയും പ്രതിരോധവും ഹോമിയോപ്പതിയിൽ " എന്ന് പ്രധാന പത്ര ദൃശ്യമാധ്യമങ്ങളിലൂടെ ആയുഷ് ഡിപ്പാർട്ട്മെന്റിനെക്കൊണ്ട് പരസ്യങ്ങൾ ചെയ്യിപ്പിക്കുവാൻ സാധിച്ചു.

8. **IHK** സിൽവർ ജൂബിലിയോടനുബന്ധിച്ച് ചരിത്ര പ്രാധാന്യമുള്ള " **Vision Document & Programme"** അവതരിപ്പിക്കുവാൻ സാധിച്ചു.

9. സംസ്ഥാന തലത്തിൽ "ഡോക്ടർ സാമുവൽ ഹാനിമാൻ ജന്മദിനാഘോഷപരിപാടി" ഐ.എച്ച്.കെ. ഭവനിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞു.

10. അംഗങ്ങളുടെ ദീർഘകാലത്തെ ആവശ്യമായ **"ByeLaw"** വിതരണം നടപ്പിലാക്കി.

11. **IHK Bhavan** ഫർണിഷ് ചെയ്തുകൊണ്ട് പ്രവർത്തന സജ്ജമാക്കി.

12. മുൻകാല പ്രവർത്തകരുടെ " **Name Board** " **IHK Bhavan** ൽ അനാഛാദനം ചെയ്തു.

13. ഡോ. പി. കെ. സുധീറിന്റെ മെഡിക്കൽ യൂണിവേഴ്സിറ്റി പരീക്ഷ കൺട്രോളർ എന്ന സ്ഥാനത്തേക്കുള്ള ഐ. എച്ച്. കെ. യുടെ ആവശ്യം പരിഗണിക്കപ്പെട്ടു.

14. മുടങ്ങിക്കിടന്ന ഐ.എച്ച്.കെ. വെബ്സൈറ്റ് പ്രവർത്തന സജ്ജമാക്കി.

15. **IHK** യുടെ സംസ്ഥാന സെക്രട്ടറിയേറ്റ് ഓഫീസ് കൃത്യതയോടെ പ്രത്യക ഫയലുകളാക്കി ചിട്ടപ്പെടുത്തി.

16. **IHK ചരിത്രത്തിൽ ആദ്യമായി "സ്വപ്നക്കൂട്" എന്ന സുവനീർ പുറത്തിറക്കി.**

17. **SSS ന് വേണ്ടി യൂണിറ്റ്, സ്റ്റേറ്റ് രജിസ്റ്റർ, എൻട്രി കാർഡ് ഉൾപ്പെടെ പ്രവർത്തന സജ്ജമാക്കി.**

18. **തിരുവല്ല-ചെങ്ങന്നൂർ യൂണിറ്റിന്റെ പ്രവർത്തനത്തിലൂടെ ഒരംഗത്തിന് ചികിത്സാ സഹായമായി 1,75,000 രൂപ നല്കുവാൻ 2010-2011 പ്രവർത്തന വർഷത്തിൽ സാധിച്ചു.**

19. **ഗവേഷണ വിഭാഗത്തിൽ ശക്തമായ മുന്നേറ്റം നടത്തുവാൻ ഈ വർഷം സാധിച്ചു.**

20. **NRHM ഡോക്ടർമാരുടെ ശമ്പള വർദ്ധന ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദത്തിന് ഫലം കണ്ടു.**

21. **ഡോ. ഹാനിമാന്റെ ജന്മദിന ആഘോഷനാളിൽ തിരുവനന്തപുരം ജില്ലയിൽ " കാട്ടാക്കട യൂണിറ്റ്" ഉത്ഘാടനം ചെയ്യുവാൻ സാധിച്ചു.**

22. **തിരുവനന്തപുരം ജില്ലയിൽ നേമം യൂണിറ്റ് പുന:സ്ഥാപിച്ചു.**

## നേതൃത്വ പരിശീലന ക്യാമ്പ് (IOTA)

ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഹോമിയോപ്പത്സ് കേരളയുടെ 2010-2011 ലെ സംസ്ഥാന നേതൃത്വ പരിശീലനപരിപാടി ജൂൺ മാസം 13-ാം തീയതി കൊല്ലത്ത് Xavier's ഹോട്ടൽ ഹാളിൽ വിജയകരമായി നടത്തപ്പെട്ടു. ജില്ലാ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കൊല്ലം യൂണിറ്റ് ഏറ്റെടുത്ത് നടത്തിയ നേതൃത്വ പരിശീലന ക്യാമ്പിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 80 പ്രതിനിധികൾ പങ്കെടുത്തു. യൂണിറ്റുകളുടെ മുൻ നിര പ്രവർത്തകരായി വന്ന അംഗങ്ങൾക്ക് സംഘടനയുടെ നിയമങ്ങൾ, നേതൃത്വത്തിന് വേണ്ടുന്ന മികവുകൾ, സംഘടനയുടെ ആവശ്യകത, പൊതു കണക്കുകൾ കൈകാര്യം ചേയ്യേണ്ടുന്ന രീതികൾ, കുടുംബാഗങ്ങളുടെ സുരക്ഷിതത്വത്തിനായി IHK രൂപം നൽകിയ സോഷ്യൽ സെക്യരിറ്റി സ്കീമിന്റെ പ്രവർത്തന രീതികൾ, നേട്ടങ്ങൾ, അംഗങ്ങൾ പാലിക്കേണ്ട കടമകൾ, ഹോമിയോപ്പതി കൂടുതൽ ജനകീയമാക്കുവാനുള്ള വഴികളും, ആവശ്യകതയും തുടങ്ങിയ വിഷയങ്ങളിൽ ഏറെ പ്രയോജനപ്രദമായ പരിശീലനം നൽകി. ഡോ. ജി. ഉണ്ണികൃഷ്ണൻ നായർ, ഡോ: കെ.സി. പ്രശോഭ് കുമാർ, ഡോ. ജി. ഗിരിശങ്കർ, ഡോ: സുന്ദരം വേലായുധൻ എന്നിവർ LCD സഹയത്തോടെ വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് വിശദമായി സംസാരിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ്, അദ്ധ്യക്ഷം വഹിച്ച ഉത്ഘാടന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് സ്വാഗതം ആശംസിച്ചു. കൊല്ലം കോർപ്പറേഷൻ മേയർ

അഡ്വ: രാജേന്ദ്രബാബു ഉത്ഘാടനം നിർവ്വഹിച്ചുകൊണ്ട് ഹോമിയോപ്പതിയുടെ പ്രധാന്യം ഉൾക്കൊണ്ട് സംസാരിച്ചു. സംസ്ഥാന വൈസ്പ്രസിഡന്റ് ഡോ. ജി. ഉണ്ണികൃഷ്ണൻ നായർ മുഖ്യ പ്രഭാഷണം നടത്തി സമ്മേളനത്തിൽ യൂണിറ്റ് മാസികയുടെ വാർഷിക പതിപ്പ് സംസ്ഥാന ജനൽ സെക്രട്ടറി ഡോ. ബി. സുരേഷ്, സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫിന് കൈമാറിക്കൊണ്ട് പ്രകാശനകർമ്മം നിർവ്വഹിച്ചു. സംസ്ഥാന ട്രഷർ ഡോ. വി. ആർ. കൃഷ്ണൻകുട്ടി, IHK Trust ചെയർമാൻ ഡോ. എസ്. ജി. ബിജു, ജില്ലാ പ്രസിഡന്റ് വർഗ്ഗീസ് റ്റി. മാന്തോട്ടം എന്നിവർ ആശംസകളർപ്പിച്ചു. ജില്ലാ സെക്രട്ടറി ഡോ. പി. എസ്. ശ്രീകാന്ത് കൃതജ്ഞത രേഖപ്പെടുത്തി.

ഈ പരിപാടിയുടെ വിജയത്തിനായി പരിശ്രമിച്ച സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ഡോ. ജി. ഗിരിശങ്കർ, ജില്ലാ പ്രസിഡന്റ് വർഗ്ഗീസ് റ്റി. മാന്തോട്ടം, ജില്ലാ സെക്രട്ടറി ഡോ. പി.എസ്. ശ്രീകാന്ത്, യൂണിറ്റ് പ്രസിഡന്റ് ഡോ. കൃഷ്ണകുമാർ, യൂണിറ്റ് സെക്രട്ടറി ഡോ. പി. എൻ ഹരിലാൽ എന്നിവരെയും മുഴുവൻ ജില്ലാ കമ്മിറ്റി അംഗങ്ങളേയും, യൂണിറ്റ് കമ്മിറ്റി അംഗങ്ങളേയും അതോടൊപ്പം തന്നെ ഫാക്കൽട്ടി അംഗങ്ങളായ ഡോ. ജി. ഉണ്ണികൃഷ്ണൻ നായർ, ഡോ. കെ. സി. പ്രശോഭ് കുമാർ, ഡോ. ജി. ഗിരിശങ്കർ, ഡോ. സുന്ദരം വേലായുധൻ എന്നിവരോടുമുള്ള സംഘടനയുടെ നന്ദിയും കടപ്പാടും അറിയിക്കട്ടെ.

## CCRH Meeting (10/07/2010)

ആയുഷ് ഡിപ്പാർട്ട്മെന്റ് നിർദ്ദേശ പ്രകാരം ഡോ. വിക്രം സിങ്ങും, ഡോ. റ്റി.എൻ ശ്രീധരകുറിപ്പും സംയുക്തമായി 10/07/2010 ശനിയാഴ്ച കോട്ടയം സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വിളിച്ചു ചേർത്ത യോഗത്തിൽ IHK യെ പ്രതിനിധീകരിച്ചുകൊണ്ട് സംസ്ഥാന ട്രഷറർ ഡോ. വി. ആർ. കൃഷ്ണൻകുട്ടി പങ്കെടുത്തു. പകർച്ചപ്പനി, $H_1$ $N_1$ തുടങ്ങിയ രോഗങ്ങൾ ചികിത്സിക്കുന്നതിനും, പ്രതിരോധിക്കുന്നതിനും ഹോമിയോപ്പതി വൈദ്യശാസ്ത്രത്തിന് കഴിയുമെന്ന വിവരം പൊതുജനങ്ങളിലെത്തിക്കുന്നതിനായി ശ്രവ്യ, ദൃശ്യ, പത്രമാധ്യമങ്ങളിലൂടെ ആയുഷ് ഡിപ്പാർട്ട്മെൻറ് പരസ്യങ്ങൾ നൽകണമെന്ന IHK യുടെ ആവശ്യം ഡിപ്പാർട്ട്മെന്റ് അംഗീകരിച്ചുകൊണ്ട് പ്രധാന പത്ര മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകുകയുണ്ടായി. ഹോമിയോപ്പതിയുടെ ചരിത്രത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട പരസ്യങ്ങളായിരുന്നു ആയുഷ് ഡിപ്പാർട്ട്മെന്റ് നൽകിയത്. പ്രസ്തുത നിർദേശം മുന്നോട്ട് വച്ച IHK യുടെ ട്രഷറർ വി. ആർ. കൃഷ്ണൻകുട്ടിയോടും, IHK യുടെ നിർദേശം നടപ്പിലാക്കുവാൻ സഹായിച്ച ഡോ. റ്റി. എൻ. ശ്രീധരക്കുറുപ്പിനോടും നന്ദി അറിയിക്കുന്നു.

## ട്രെയ്നേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം 2010-2011 18/07/2010

2010-2011 വർഷത്തെ ട്രെയ്നേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം തിരൂർ യൂണിറ്റിന്റെ ആഥിധേയത്തിൽ കോട്ടക്കൽ സ്മാർട്ട് ട്രെയ്ഡ് സിറ്റി കോൺഫറൻസ് ഹാളിൽ 18/07/2010 ഞായറാഴ്ച നടത്തപ്പെട്ടു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ടി. എൽ. സുനിൽകുമാർ അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് സ്വാഗതം ആശംസിച്ചു. സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ് ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. വി. ആർ. കൃഷ്ണൻകുട്ടി മുഖ്യ പ്രഭാഷണം നടത്തിയ യോഗത്തിൽ, ഡോ. വി. കെ. ദേവരാജ്, ഡോ. പ്രസാദ് ഉമ്മൻ ജോർജ്ജ്, ഡോ. കെ.പി.റോഷൻ, ഡോ. ജാഫർ, ഡോ. ശിവശങ്കരൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ജില്ലാ സെക്രട്ടറി ഡോ. പി. എ. നൗഷാദ് കൃതജ്ഞത രേഖപ്പെടുത്തി. ഡോ. സി.ജെ. വറുഗീസ് തുടർ പരിപാടികൾ വിശദീകരിച്ചുകൊണ്ട് ട്രൈനിംഗ് പരിപാടി ആരംഭിച്ചു. ഏകദേശം 25-ഓളം ഡോക്ടർമാർ പരിശീലനപരിപാടിയിൽ പങ്കെടുത്തു. ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച ഡോക്ടർ സി. ജെ. വറുഗീസ്, ഡോ. വി. രതീഷ്കുമാർ, ഡോ. പി. എ. നൗഷാദ്, ഡോ. ശിവശങ്കരൻ തുടങ്ങിവർക്ക് പ്രത്യേകം അഭിവാദ്യങ്ങൾ അറിയിക്കുന്നു.

## മുഖ്യമന്ത്രിക്ക് നൽകിയ മെമ്മോറാണ്ടത്തിന്റെ പ്രസക്ത ഭാഗങ്ങൾ

1. കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നടപ്പാക്കുക.
2. 1995-ലെ ഹോമിയോപ്പതി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക.
3. സർക്കാർ തലത്തിൽ ഹോമിയോപ്പതി വൈദ്യശാസ്ത്രത്തിന് പ്രചരണ പരിപാടി ആവിഷ്കരിക്കുക.
4. ഹോമിയോപ്പതി വൈദ്യശാസ്ത്രം ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
5. വിദ്യാഭ്യാസമേഖലയിൽ എല്ലാ വിഷയങ്ങളിലും പി.ജി. കോഴ്സ് അനുവദിക്കുക.
6. ശേഷിക്കുന്ന 320-ഓളം പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറുകൾ അനുവദിക്കുക.
7. ആയുഷ് ഡിപ്പാർട്ട്മെന്റ് കേരളത്തിലും ആരംഭിക്കുക.
8. ഗവ. ഡോക്ടർമാരുടെ സേവന വേതന വ്യവസ്ഥകളിൽ ന്യായമായ വർദ്ധന നടപ്പിലാക്കുക.
9. RAECH ന്റെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് ജനങ്ങളിലെത്തും വിധം പത്ര മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകുക.
10. NRHM ഡിസ്പെൻസറികൾ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

11. PSC ലിസ്റ്റിൽ നിന്നും ഉടനെ നിയമനം നടത്തിക്കൊണ്ട് ഒഴിവുകൾ നികത്തുക.
12. സ്വകാര്യ മേഖലയിൽ ഹോമിയോപ്പതി ഗവേഷണങ്ങൾക്കും അനുമതി നൽകുക.

## 71-ാം മത് സംസ്ഥാന ശാസ്ത്ര സമ്മേളനം

26/09/2010 ഞായറാഴ്ച IHK യുടെ 71-ാം മത് സംസ്ഥാന ശാസ്ത്രസമ്മേളനം ബഹു. ചാലക്കുടി M.L.A ശ്രീ. സി. ടി. ദേവസി ഉത്ഘാടനം ചെയ്തു. IHK യുടെ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. റ്റി. എൽ. സുനിൽകുമാർ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് സ്വാഗതം ആശംസിച്ചു. തുടർന്ന് ഡോ. ഉമ്മർ അലി, ഡോ. ജോസഫ് ജോർജ്ജ് (പതോളജിസ്റ്റ്), ഡോ. ജി. ഹരികുമാർ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സെമിനാറിന്റെ വിജയത്തിനായി പ്രവർത്തിച്ച ചാലക്കുടി യൂണിറ്റ് ഭാരവാഹികളോടുള്ള നന്ദി അറിയിക്കുന്നു.

## ബിഗിനേഴ്സ് ട്രൈനിംഗ് പ്രോഗ്രാം (14/11/2011) (Inspiration 2010-2011)

ഹോമിയോപ്പതി ചികിത്സാരംഗത്ത് നവാഗതരായ യുവ ഡോക്ടർമാരെ തൊഴിൽ രംഗത്ത് പ്രശസ്തരാക്കി മാറ്റുവാൻ ഉദ്ദേശിച്ചുകൊണ്ട് IHK സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച ബിഗിനേഴ്സ് ട്രൈനിംഗ് പ്രോഗ്രാം 2010 നവംബർ 14-ാം തീയതി ഞായറാഴ്ച ചോറ്റാനിക്കര ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആഡിറ്റോറിയത്തിൽ ഭംഗിയായി നടത്തപ്പെട്ടു. IHK സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോസിറിയക് ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് എല്ലാവർക്കും സ്വാഗതം ആശംസിച്ചുകൊണ്ട് സംസാരിച്ചു. ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൽ ഡോ. ആർ. ജനാർദ്ദനൻ പ്രസ്തുത പരിപാടി ഉത്ഘാടനം നിർവ്വഹിച്ചുകൊണ്ട്, ഇതുപോലുള്ള പ്രയോജനപ്രദമായ പരിപാടികൾ സംഘടിപ്പിക്കുന്ന IHK എന്ന പ്രസ്ഥാനത്തെ അഭനന്ദിച്ചുകൊണ്ട് സംസാരിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ടി. എൽ. സുനിൽകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഡോ. വി. ആർ. കൃഷ്ണൻകുട്ടി, ഡോ. വി.കെ. ദേവരാജ്, ഡോ. തോമസ് മോഹൻ, ഡോ. ജെ. ഹരികൃഷ്ണപിള്ള തുടങ്ങിയവർ പരിപാടിക്ക് ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ചു. എറണാകുളം ജില്ല സെക്രട്ടറി ഡോ. പ്രവീൺ

ധർമ്മരത്നം എല്ലാവർക്കും കൃതജ്ഞത അറിയിച്ചു. തുടർന്ന് ഡോ. ജി. ഗിരിശങ്കർ, ഡോ. കെ.സി. പ്രശോഭ് കുമാർ, ഡോ. സി. ജെ. വറുഗീസ് എന്നിവർ യുവ ഡോക്ടർമാർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നിൽകി. കോളേജ് വിദ്യാർത്ഥികളടക്കം 93 പ്രതിനിധികൾപങ്കെടുത്തു. പരിപാടികൾ വൻവിജയവും പ്രയോജനകരവുമായിരുന്നുവെന്നും തുടർന്നും ഇതുപോലെയുള്ള പരിപാടികൾ IHK നടപ്പിലാക്കണമെന്നും പങ്കെടുത്ത പ്രതിനിധികൾ ആവശ്യപ്പെട്ടു. ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ച കോളേജ് പ്രിൻസിപ്പാൾ. ഡോ. ആർ. ജനാർദ്ദനൻ, ഡോ. വിജയൻ കെ. മലയിൽ, ഡോ. രഞ്ജിത് കുമാർ, ഡോ. ബോബി, ഡോ. ഹരികുമാർ പോറ്റി, ഡോ. ജെ. ഹരികൃഷ്ണൻപിള്ള, ഡോ. സാജു പോൾ, ഡോ. ആർ. പ്രകാശ്, ഡോ. സാനു മുകുന്ദൻ, ഡോ. എം. എൽ. പ്രസാദ് എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

**പകർച്ച വ്യാധി പ്രതിരോധ സെമിനാർ (11/12/2010)**

മെഡിക്കൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ. മോഹൻദാസിന്റെ അദ്ധ്യക്ഷതയിൽ 2010 ഡിസംബർ 11–ാം തീയതി കോലഞ്ചേരി മെഡിക്കൽ കോളേജിൽ എല്ലാ വൈദ്യശാസ്ത്രശാഖകളേയും ഒരുമിപ്പിച്ചുകൊണ്ട് കേരളത്തിലെ പകർച്ച വ്യാധികളെ സംബന്ധിച്ച് ഒരു ശാസ്ത്രസെമിനാർ കേരളാ മെഡിക്കൽ യൂണിവേഴ്സിറ്റി സംഘടിപ്പിച്ചു. പ്രസ്തുത സെമിനാറിൽ IHK യെ പ്രതിനിധീകരിച്ചുകൊണ്ട് ഡോ. വി.എം. ശശിധരൻ, ഡോ. പ്രവീൺ ധർമ്മരത്നം, ഡോ. പ്രസാദ് ഉമ്മൻ ജോർജ്ജ്, ഡോ. എസ്. ജി. ബിജു, ഡോ. റ്റി. എൻ. പരമേശ്വരകുറുപ്പ്, ഡോ. മധുസൂദനൻ നമ്പ്യാർ എന്നിവർ പങ്കെടുത്തു.

## RNI സർട്ടിഫിക്കറ്റ്

20 വർഷമായി .സംഘടനക്കു നഷ്ടപ്പെട്ടു പോയിരുന്ന Registration of News Paper India (RNI) സർട്ടിഫിക്കറ്റ് പുന:സ്ഥാപിച്ചെടുകുന്നതിൽ സംസ്ഥാന നേതൃത്വം വിജയം കൈവരിച്ചു. നഷ്ടപ്പെട്ടു എന്ന് കരുതിയ RNI സർട്ടിഫിക്കറ്റ് ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് വിശദമായ അന്വേഷണങ്ങൾക്കൊടുവിൽ കണ്ടെടുക്കുകയും, തുടർന്ന് ചീഫ് എഡിറ്റർ ഡോ. പ്രേം പ്രകാശ് ഡൽഹിയിലെ ഒഫീസുമായി ബന്ധപ്പെടുകയും വേണ്ടതായ നടപടികൾ സമയബന്ധിതമായി

സ്വീകരിക്കുകയും, സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ് ഡൽഹിയി ഒഫീസിൽ സമ്മർദ്ദം ചെലുത്തുകയും, അങ്ങനെ ഒരു കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി RNI സർട്ടിഫിക്കറ്റ് നാം നേടിയെടുത്തു. ഈ വലിയ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച ഡോ. പ്രം പ്രകാശിനോടും, ഡോ. ബ്രിട്ടോ സിറിയക് ജോസഫിനോടും IHK യുടെ നന്ദി.

## രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

കാലങ്ങളായി IHK ക്ക് നഷ്ടപ്പെട്ടു പോയിരുന്ന സംഘടനാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഈ വർഷത്തെ രജിസ്ട്രേഷനോടുകൂടി, പുതുതായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നാം സംഘടിപ്പിച്ചു.

## പോസ്റ്റൽ കൺസഷൻ

സംഘടനക്ക് നഷ്ടപ്പെട്ടുപ്പോയ പോസ്റ്റൽ കൺസഷൻ സംസ്ഥാന പ്രസിഡൻ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഹെഡ് ഓഫസിൽ ഉയർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ ഫലമായി 23/9/2010 -ാം തിയതി മുതൽ പുന:സ്ഥാപിക്കപ്പെട്ടു. ഈ നേട്ടം കൈവരിച്ചതിന്റെ ഫലമായി സംഘടനയെ വലിയെരു സാമ്പത്തിക ബാധ്യതയിൽ നിന്നും രക്ഷിക്കുവാൻ ഈ വർഷം നമുക്ക് സാധിച്ചു.

## 72 – ാം മത് സംസ്ഥാന സമ്മേളനം (09/01/2011)

IHK യുടെ ചരിത്രത്തിൽ കുറിക്കപ്പെടുന്ന ഒരു സംസ്ഥാന ശാസ്ത്ര സമ്മേളനമായിരുന്നു ചേർത്തലയിൽ സംഘടിക്കപ്പെട്ടത്. ഫാക്കൽട്ടി ഡോ. മാത്യു കുര്യൻ ക്ലാസ്സുകൾ ഭംഗിയായി കൈകാര്യം ചെയ്തു. 11. 30 ന് ആരംഭിച്ച ഉത്ഘാടന സമ്മേളനം ബഹുമാനപ്പെട്ട **കേരള മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ** നിർവഹിച്ചുകൊണ്ട് സംസാരിച്ചു. ജനൽ സെക്രട്ടറി ഡോ. ബി. സുരേഷ് സ്വാഗതവും, പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ് അദ്ധ്യക്ഷ പ്രസംഗവും നടത്തി എല്ലാവരുടെയും സാനിധ്യത്തിൽ IHK യുടെ ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം കേരള മുഖ്യമന്ത്രിക്ക് നല്കുകയും ചെയ്തു. സോഷ്യൽ സെക്യൂരിറ്റി സ്കീം എൻട്രി കാർഡ് **ശ്രീ. തിലോത്തമ്മൻ MLA** പ്രകാശനം ചെയ്തുകെണ്ട് IHK പ്രസിഡന്റിന് കൈമാറി. 72 വയസ് തികയുന്ന IHK അംഗങ്ങളെ ആദരിക്കുന്ന ചടങ്ങ് ഭംഗിയായി

നിർവഹിക്കപ്പെട്ടു. ഇത്ര മനോഹരമായി ചരിത്ര സംഭവമാക്കി ഈ സെമിനാറിനെ മാറ്റുവാൻ അക്ഷീണം പ്രവർത്തിച്ച ചേർത്തല യൂണിറ്റ് അംഗങ്ങളോടും പ്രത്യേകിച്ച് ഡോ. ഹരിലാൽ, ഡോ. എം. എ. ഹനീസ്, ഡോ. കെ. എൻ. കുമാരൻ, ഡോ. കെ. പി. രാജീവ്, ഡോ. ദിലീപ് കുമാർ, ഡോ. ധനേഷ്, ഡോ. പി. ചന്ദ്രനാഥ്, ഡോ. വി. കെ. ദേവരാജ്, ഡോ. പ്രമീള, ഡോ. ശ്രീകല, ഡോ. ദിനമണി, ഡോ. അലക്സ് കുര്യാകോസ്, ഡോ. സുരേഷ് ബാബു, ഡോ. അജിത്ത്, ഡോ. ദിലീപ് കുമാർ, ഡോ. വി. ആർ. കൃഷ്ണൻ കുട്ടി എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കട്ടെ.

## കേസിന്റെ നാൾവഴികൾ

W.P.(C) No. 16079, W.P.(C) No. 6579 എന്നിങ്ങിനെ രണ്ടു കേസുകൾ ഈ വർഷം ഐ. എച്ച്. കെ. നൽകുകയും, W.P.(C) No. 17117 എന്ന കേസിൽ കൊടുങ്ങല്ലൂർ യൂണിറ്റിന്റെ അഭ്യർത്ഥന പ്രകാരം സംസ്ഥാന കമ്മിറ്റിയുടെ അനുവാദത്തോടെ കക്ഷി ചേരുകയും ചെയ്തു. 2010-2011 മെയ്മാസം 8-ാം തീയതി ആദ്യ സംസ്ഥാന കമ്മിറ്റി മീറ്റിംഗിൽ, 16/04/2010ലെ ഗവ. ഉത്തരവിനെ കോടതിയിലൂടെ ചോദ്യം ചെയ്യുവാൻ പ്രമേയം പാസ്സാക്കിക്കൊണ്ട് IHK തീരുമാനിച്ചു. ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയെ ബഹിഷ്ക്കരിക്കാനും തീരുമാനം.

**16/05/2010**

IHK സംസ്ഥാന നേതൃത്വം എറണാകുളത്ത് യോഗം ചേർന്ന് അഡ്വ: മനു ഗോവിന്ദിനെ കേസ് നടത്തിപ്പിനായി ചുമതലപ്പെടുത്തുന്നു.

**20/05/2010**

ആവശ്യമായ Documents Advocateന് നൽകിക്കൊണ്ട് കേസിന്റെ വിശദാംശങ്ങൾ സംസാരിക്കുന്നു.

**26/05/2010**

IHK യുടെ ആവശ്യങ്ങൾ അഡ്വക്കേറ്റ്. മനുഗോവിന്ദ് കോടതി മുമ്പാകെ അവതരിപ്പിക്കുന്നു, തുടർന്ന് കേന്ദ്ര ഗവ., കേരള ഗവ. Travancore Medical Council; CCH, Committee Chairman എന്നിവർക്ക് കോടതി വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് അയക്കുന്നു

**13/06/2010**

SEC വിഷയം ചർച്ചചെയ്യുകയും, എന്ത് ത്യാഗം സഹിച്ചും കേസുമായി മുന്നോട്ട് പോകണമെന്ന് തീരുമാനിക്കുന്നു.

**27/06/2010** ഗവ. രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് പരസ്യപ്പെടുത്തുന്നു.

**04/07/2010** IHK സംസ്ഥാന നേതൃത്വം, കമ്മിറ്റി റിപ്പോർട്ട് അഡ്വ. മനു ഗോവിന്ദുമായി, അദ്ദേഹത്തിന്റെ ഓഫീസിൽ വിശദമായി ചർച്ച ചെയ്യുന്നു.

**05/09/2010**

3-ാം മത് SEC, ഗവ. രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്ത് വ്യക്തമായ കാരണങ്ങളോടെ തള്ളിക്കളയുന്നു.

**07/11/2010**

4-ാം മത് S.C., കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളഞ്ഞ S.E.C. യുടെ നിലപാടിനോട് പൂർണ്ണമായും യോജിക്കുന്നു. തുടർന്ന് കേസ്സ് നടപടികളുമായി മുന്നോട്ട് പോകണമെന്ന് തീരുമാനം.

**21/02/2011**

20 കൊല്ലക്കാലം അനധികൃത പ്രാക്ടീസ് നടത്തിയിരുന്നവർക്ക് തുടർന്ന് പ്രാക്ടീസ് ചെയ്യുവാൻ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കി അനുവാദം നൽകിക്കൊണ്ടുള്ള ഗവ. ഉത്തരവ് പരസ്യപ്പെടുത്തുന്നു.

**25/02/2011**

പൂഴ്ത്തി വച്ച ഉത്തരവ് IHK യുടെ കൈകളിൽ എത്തുന്നു.

**26/02/2011**

21/02/2011 - ലെ ഗവ. ഉത്തരവ് അഡ്വക്കേറ്റിന് നൽകിക്കൊണ്ട് IHK സംസ്ഥാന നേതൃത്വം അഡ്വക്കേറ്റുമായി 2 മണിക്കൂർ നേരം ചർച്ച ചെയ്ത് വിദഗ്ധ അഭിപ്രായം രൂപീകരിക്കുന്നു.

**01/03/2011**

IHK സംസ്ഥാന നേതൃത്വം എറണാകുളത്ത് അടിയന്തിരയോഗം ചേർന്ന് 21/02/2011 ലെ ഗവ. ഉത്തരവിനെ കേരള ഹൈക്കോടതിയിൽ നേരിടുവാൻ തീരുമാനിക്കുന്നു.

**03/03/2011** കോടതി വാദം കേൾക്കുന്നു.

**04/03/2011** കേസ് 7-ാം തീയ്യതിയിലേക്ക് മാറ്റുന്നു.

**07/03/2011** വീണ്ടും വാദം കേൾക്കുന്നു. തുടർന്ന് IHK നൽകിയ വിശദാംശങ്ങൾ ശരിയാണോ എന്ന് സർക്കാരിനോട് വിശദീകരണം അവശ്യപ്പെടുന്നു. അനധികൃത പ്രാക്ടീഷണേഴ്സിന്റെ പ്രതിനിധിയെ കക്ഷി ചേർക്കുന്നു.

**15/03/2011** IHK ക്ക് എതിരെ, സർക്കാരും, മെഡിക്കൽ കൗൺസിലും അനധികൃത ചികിത്സകരും സംയുക്തമായി ഏറ്റുമുട്ടുന്നു. IHK യുടെ അഡ്വ. മനുഗോവിന്ദിന്റെ വാദമുഖങ്ങൾക്കു മുമ്പിൽ എല്ലാ വാദങ്ങളും നിഷ്പ്രഭമാകുന്നു. തുടർന്ന് കോടതി **"STAY"** അനുവദിക്കുന്നു.

**STAY** അനുവദിച്ചു എന്ന വാർത്ത വന്നതോടെ അതിന്റെ പിതൃത്വം ഏറ്റെടുക്കുവാൻ തത്പരകക്ഷികളും, പ്രസ്താനങ്ങളും ഏറെ പ്രയാസപ്പെടുന്നത് കാണാമായിരുന്നു.

പിറ്റേന്ന് എല്ലാ പത്രമാദ്ധ്യങ്ങളിലൂടെയും The Institution of Homoeopaths Kerala (IHK) ക്ക് STAY അനുവദിച്ചു കിട്ടി എന്ന സത്യം എല്ലാവരും മനസ്സിലാക്കുന്നു.

കേസ്സിനോട് സഹകരിച്ചവർക്കും, സഹായിച്ചവർക്കും അഭിനന്ദനങ്ങൾ അറിയിച്ചവർക്കും IHK യുടെ നന്ദി.

## വ്യാജ ചികിത്സക്കെതിരെ IHK ചരിത്ര നേട്ടം കൈവരിച്ചു

2010–2011 പ്രവർത്തന വർഷത്തിന്റെ തുടക്കം തന്നെ വ്യാജ ചികിത്സക്കെതിരെ ശക്തമായ പ്രമേയം ആദ്യ സംസ്ഥാന കമ്മിറ്റിയിലും തുടർന്ന് ആനുവൽ കൺവെൻഷനിലും അവതരിപ്പിച്ച് പാസ്സാക്കിക്കൊണ്ടായിരുന്നു. പ്രസ്തുത വിഷയത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോസിറിയക് ജോസഫ്, ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ്, ട്രഷറർ ഡോ. വി.ആർ കൃഷ്ണൻകുട്ടി, മധ്യമേഖലാ വൈസ് പ്രസിഡന്റ് ഡോ. റ്റി.എൽ. സുനിൽകുമാർ, പബ്ലിക്ക് റിലേഷൻ ഓഫീസർ ഡോ. സുന്ദരം വേലായുധൻ തുടങ്ങിയവർ അടിയന്തിരമായി എറണാകുളത്ത് സമ്മേളിച്ച് കേസിനാസ്പദമായ വസ്തുതകളും രേഖകളും ശേഖരിച്ച് അഡ്വ. മനുഗോവിന്ദുമായി ബന്ധപ്പെട്ടായിരുന്നു കോടതിയിലേക്കുള്ള നീക്കങ്ങൾ നടത്തിയത്. സർക്കാർ നിയമിച്ച കമ്മിറ്റി നിയമ വിരുദ്ധമാണെന്നും, കേന്ദ്രനിയമം നിലനിൽക്കേ അതിനെതിരായി വരുന്ന മറ്റ് ഉത്തരവുകൾ നിയമവിരുദ്ധമാണെന്നും, വ്യാജൻമാരെ സംരക്ഷിക്കുവാനുള്ള സർക്കാർ നീക്കങ്ങൾക്കെല്ലാം തടയിടണമെന്നും ആവശ്യപ്പെട്ടുകൊണ്ട് IHK സമർപ്പിച്ച ആദ്യ ഹർജി ഫയലിൽ സ്വീകരിച്ചുകൊണ്ട് ബഹു: കേരള ഹൈക്കോടതി സംസ്ഥാന ഗവൺമെന്റിനും, ഹോമിയോപ്പതി കൗൺസിലിനും, കമ്മിറ്റി ചെയർമാനും നോട്ടീസയച്ചു. കോടതിയുടെ ഇടപെടലിനെ തുടർന്ന് സർക്കാരിന് ഉത്തരവ് പിൻവലിക്കേണ്ടി വന്നു. അങ്ങനെ IHK ആദ്യ വിജയം നേടി. മാസങ്ങൾക്ക് ശേഷം തുടർന്നും സമ്മർദ്ദങ്ങൾക്ക് അടിമപ്പെട്ടുകൊണ്ട് സർക്കാർ അനധികൃതമായി, കാലാവധി അവസാനിക്കുന്നതിന് തൊട്ടു മുൻപ് 21.02.2011 – ലെ ഉത്തരവിലൂടെ ഒരിക്കൽ കൂടി കേരള ജനതയേയും ഹോമിയോപ്പതി സമൂഹത്തേയും വഞ്ചിച്ചു. കേരളത്തിലെ ഹോമിയോപ്പതി ഡോക്ടർമാരുടെ സംഘടനയായ IHK യുടെ സംസ്ഥാന നേതൃത്വം യോഗം ചേർന്ന് ധിക്കാരപരമായ ഈ നടപടിയെ വീണ്ടും

ബഹു: കേരള ഹൈക്കോടതിയിൽ നിയമപരമായി നേരിട്ടു. IHK യുടെ Advocate Manu Govind കേന്ദ്ര സംസ്ഥാന നിയമങ്ങൾ വിശദീകരിച്ചുകൊണ്ട് കോടതിയിൽ തിളങ്ങിയപ്പോൾ സർക്കാരിന്റെയും, മെഡിക്കൽ കൗൺസിലിന്റെയും വ്യാജൻമാരുടെയും പൊള്ളയായ വാദമുഖങ്ങൾ കോടതിക്കു മുമ്പിൽ നിഷ്പ്രഭമായി. IHK യുടെ നിലപാട് അംഗീകരിച്ച കോടതി പ്രസ്തുത ഉത്തരവിനെ സ്റ്റേ ചെയ്യുകയായിരുന്നു. എത്ര വൈകിയാണെങ്കിലും സത്യവും നീതിയും വിജയിക്കും എന്നത് അന്വർത്ഥമാക്കിക്കൊണ്ടുള്ളതായിരുന്നു കോടതിയുടെ വിധി ന്യായം. കഴിഞ്ഞ 25 വർഷമായി നാം നേരിടുന്ന ഈ പ്രശ്നത്തിന് ഇത്തരത്തിലൊരു നേട്ടം കൈവരിക്കുന്നതിന് IHK നേതൃത്വത്തിനെ സഹായിച്ച Adv. Manu Govind നോടുള്ള നന്ദിയും കടപ്പാടും അറിയിക്കട്ടെ. അതോടൊപ്പം തന്നെ കോടതിയിലേക്കാവശ്യമായ വിലപ്പെട്ട രേഖകളും, സർക്കാർ ഉത്തരവുകളും, മുൻ കോടതി ഉത്തരവുകളുടെ പകർപ്പുകളും ആവശ്യമായ ഉപദേശങ്ങളും നമ്മൾക്ക് സമയാസമയം നൽകി സഹായിച്ച IHK യുടെ പ്രഥമ പ്രസിഡന്റ് ഡോ. രവി എം. നായർ സാറിനോടും കേസ് നടത്തിപ്പിനായി ജനറൽ സെക്രട്ടറിയെ ഏറെ സഹായിച്ച P.R.O. ഡോ. സുന്ദരം വേലായുധനോടും പ്രത്യേകം നന്ദി അറിയിക്കുന്നു.

***<u>സിൽവർ ജുബിലി ഉത്ഘാടനം</u>***

1987 ഫെബ്രുവരി 1 -ാം തീയതി കൊല്ലം ജവഹർ ബാലഭവനിൽ ജന്മം കൊണ്ട്, കഴിഞ്ഞ 25 വർഷക്കാലം കേരളത്തിലെ ഹോമിയോപ്പതിയുടെയും, ഹോമിയോപ്പതി ഡോക്ടർമാരുടേയും ഉന്നമനത്തിനായി പ്രവർത്തിച്ച്, ഇന്ന് സംഘടനയുടെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് രൂപം നല്കി കേരളത്തിൽ ശ്രദ്ധേയമായ സംഘടനയാണ് The Institution of Homoeopaths Kerala (IHK), ഇക്കാലമത്രയും ഈ സംഘടനയെ കണ്ണിലെ കൃഷ്ണമണിയെ പോലെ കാത്ത് സൂക്ഷിച്ച മുൻ ഭാരവാഹികളെ ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. 27.2.2011 രാവിലെ ഡോ. ജയറാം നഗർ (എറണാകുളം ടൗൺ ഹാൾ) സംഘടനയുടെ സിൽവർ ജൂബിലി ഉത്ഘാടന പരിപാടികൾക്കായി അണിഞ്ഞൊരുങ്ങി. രാവിലെ 9 മണിക്ക് സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ് IHK യുടെ പതാക ഉയർത്തി കൊണ്ട് പരിപാടികൾക്ക് തുടക്കം കുറിച്ചു. 10.30 ആയപ്പോഴേക്കും

കേരളത്തിന്റെ എല്ലാ ജില്ലകളിൽ നിന്നുള്ള പ്രതിനിധികളടക്കം 654 പേർ രജിസ്റ്റർ ചെയ്തുകൊണ്ട് ആഡിറ്റോറിയം നിറഞ്ഞു. പതിവിന് വിപരീതമായി വിശിഷ്ടാതിഥികൾ കൃത്യം 10.30 ന് തന്നെ എത്തി ചേർന്നു. ഡോ. സുന്ദരം വേലായുധൻ IHK Creed വായിച്ചുകൊണ്ട് പരിപാടികൾ ആരംഭിച്ചു. ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് IHK യുടെ തുടക്കവും ഇതുവരെയുള്ള പ്രധാന പ്രവർത്തനങ്ങളും, പ്രാധാന്യവും അതോടൊപ്പം വ്യാജ പ്രാക്ടീഷിനേഴ്സിന് അനുകൂലമായി സർക്കാർ സ്വീകരിച്ച നടപടിയും യോഗത്തിൽ അവതരിപ്പിക്കുകയും, സർക്കാർ നടപടിക്കെതിരെ IHK ശക്തമായ നിലപാടുകൾ സ്വീകരിക്കുമെന്നും പറഞ്ഞുകൊണ്ട്, എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് കേന്ദ്ര മന്ത്രി പ്രൊഫ. കെ.വി. തോമസ് വിളക്ക് കൊളുത്തികൊണ്ട് ഉത്ഘാടന പ്രസംഗം നടത്തി കേന്ദ്ര നിയമങ്ങൾക്ക് വിപരീതമായി ഒരു സംസ്ഥാന സർക്കാറിനും നടപടികൾ സ്വീകരിക്കാനാവില്ലന്നും അതുകൊണ്ട് തന്നെ കേരള സർക്കാറിൻെറ തെറ്റായ നടപടി പുനപരിശോധിക്കണമെന്നും മന്ത്രി യോഗത്തിൽ ആവശ്യപ്പെട്ടു. സിൽവർ ജൂബിലി പരിപാടികളുടെ ഫണ്ട് ശേഖരണത്തിൻെറ ഉത്ഘാടനം എറണാകുളം MLA ശ്രീ. ഡൊമനിക് പ്രസൻേറഷൻ, ശാരദ കൃഷ്ണ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. സി. കെ.മോഹനന്റെ പക്കൽ നിന്നും സ്വീകരിച്ചുകെണ്ട് വിശദമായി സംസാരിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ് IHK യുടെ പ്രവർത്തനങ്ങളും സിൽവർ ജൂബിലിയുടെ പ്രസക്തിയും വിശദമായി സംസാരിച്ചു. സിമിലിയ ലാബ്, ഡോ. ഇസ്മയിൽ സേഠ്, ഡോ. കെ. വി. ഷൈൻ കെച്ചി യൂണിറ്റിന് വേണ്ടി ഡോ. സെൽവം, ഡോ. മുഹമ്മദ് അസലാം തുടങ്ങിയവരിൽ നിന്നും ഫണ്ട് ശേഖരണം നടന്നു. ഫണ്ട് ശേഖരണത്തിൻെറ ആവശ്യകതയെപ്പറ്റി ഡോ. കെ. വി. ഷൈൻ യോഗത്തിൽ സംസാരിച്ചു. IHK യുടെ പ്രധമ പ്രസിഡന്റ് ഡോ. രവി എം. നായർ സിൽവർ ജൂബിലി ആഘോഷങ്ങളുടെ വേളയിൽ Vision Programme നടപ്പിലാക്കേണ്ടതിൻെറ ആവശ്യകതയേയും, ഹോമിയോപ്പതിയുടെ ഭാവിയെ കുറിച്ചും വിശദമായി വികാരഭരിതനായി സംസാരിച്ചു. ഡോ. പടിയാർ മെമ്മോറിയൽ ഹോമിയോപ്പതിക്ക്

മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ആർ. ജനാർദ്ദനൻ IHK യുടെ Vision Document and Programme പ്രകാശനം ചെയ്തുകൊണ്ട് സംസാരിച്ചു. IHK യുടെ മുൻ പ്രസിഡന്റ് ഡോ. ഇസ്മായിൽ സേട്ട് പുതിയ Slogan അവതരിപ്പിച്ചു. IHK യുടെ പ്രഥമ ജനറൽ സെക്രട്ടറി ഡോ. സി. ജെ. വർഗ്ഗീസ് IHK യുടെ ആദ്യകാല പ്രവർത്തനങ്ങളും നേട്ടങ്ങളും അനുഭവങ്ങളും ഒർമ്മിച്ചുകൊണ്ട് കഴിഞ്ഞ 25 വർഷകാലം IHK യോടൊപ്പം ഉറച്ചു നിൽക്കുവാൻ കഴിഞ്ഞത് ഭാഗ്യമെന്ന് അനുസ്മരിച്ചുകൊണ്ട് എല്ലാവർക്കും സിൽവർ ജൂബിലിയുടെ സത്യവാചകം ചെല്ലി കൊടുക്കുകയും എല്ലാവരും പ്രതിജ്ഞ ചൊല്ലികൊണ്ട് Vision Document & Programme ന്റെ വിജയത്തിനായി മനസാ തയ്യാറെടുക്കുകയും ചെയ്തു. IHK യുടെ സിൽവർ ജൂബിലി ആഘോഷങ്ങൾക്കും, IHK ഏറ്റെടുത്ത Vision Programme നും ആശംസകളർപ്പിച്ചു കൊണ്ട് കോട്ടയം CIRH ലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ. റ്റി. എൻ.ശ്രീധരകുറുപ്പ്, IHK സംസ്ഥാന ട്രഷറർ ഡോ. വി. ആർ. കൃഷ്ണൻകുട്ടി, AKHCC കൺവീനർ ഡോ. മുഹമ്മദ് ഹബീബ്, IHMA സെക്രട്ടറി ഡോ.എ. ബിജു, KGHMOA ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് ഷഫീക് മസാനി, Teachers Representation ഡോ. ജെ. ഹരികൃഷ്ണ പിള്ള Homco M. D.ഡോ. പി. വി. സന്തോഷ്, ഹോമിയോ ശാസ്ത്രവേദിയുടെ ചെയർമാൻ ഡോ. റ്റി. എൻ. പരമേശ്വരകുറുപ്പ്, AKHDA പ്രസിഡൻറ് ഡോ. സുനിൽ ഈശി, NRHM കോ-ഓഡിനേറ്റർ ഡോ. പി. എസ്. ശ്രീകാന്ത്, ഓൾ കേരള ഹോമിയോപ്പതിക് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ. റ്റി. ആർ. മനോഹരൻ IHK എറണാകുളം ജില്ല പ്രസിഡന്റ് ഡോ. എ. റ്റി. തോമസ് മോഹൻ വിദ്യാർത്ഥി സംഘടന പ്രതിനിധി ശ്രീ. റയീസ്, ഹൗസ് സർജൻസ് പ്രതിനിധി മിസ്സ്. ഷഹീന തുടങ്ങിയവർ സംസാരിച്ചു. എറണാകുളം ജില്ലാ സെക്രട്ടറി ഡോ. പ്രവീൺ ധർമ്മ രത്നം ഏവർക്കും നന്ദി അറിയിച്ചു കൊണ്ട് 1.30 ഓടെ സിൽവർ ജൂബിലി ആഘോഷ പരിപാടികളുടെ ഉത്ഘാടന ചടങ്ങ് അവസാനിച്ചു.

ഉച്ചക്ക് ശേഷം 2.30 ന് 150 ഓളം പ്രതിനിധികൾ ഒത്തുകൂടി തുടർന്ന് പരിപാടികൾ ചർച്ച ചെയ്തെങ്കിലും, പുതിയൊരു സംവിധാനം ഉണ്ടാകുന്നതുവരെ നിലവിലുള്ള Programme കമ്മിറ്റി തുടരണമെന്ന് അഭ്യർത്ഥിക്കുകയും Vision Programme – ൻെറ കരട് രൂപം അംഗങ്ങളിൽ എത്തിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും, എന്ത് ത്യാഗം സഹിക്കേണ്ടിവന്നാലും ഈ പദ്ധതി നടപ്പിലാക്കണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടു. സിൽവർ ജൂബിലി ആഘോഷ ഉത്ഘാടന പരിപാടികൾ ഇത്രയും വിജയകരമാകുവാൻ സഹായിച്ച ഡോ. എ. റ്റി. തോമസ് മോഹൻ, ഡോ. സുന്ദരം വേലായുധൻ, ഡോ. സാദത്ത് സേഠ്, ഡോ. പ്രവീൺ ധർമ്മ രത്നം, ഡോ. രഞ്ജിത് കുമാർ, ഡോ. ലോകേഷ് റാവു, ഡോ. വി. എം. ശശിധരൻ, എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കട്ടെ.

## Vision Document and Programme

സിൽവർ ജൂബിലി ആഘോഷ വേളയിൽ നടപ്പാക്കേണ്ടതായ ദിർഘ വീക്ഷണത്തോടെയുള്ള Vision Document and Programme എന്നതിന്റെ കരട് രൂപം തയ്യാറാക്കുവാൻ ദിവസങ്ങളോളം കഷ്ടപ്പെട്ട് IHK നേതൃത്വത്തെ സഹായിച്ച IHK യുടെ പ്രഥമ പ്രസിഡന്റ് ഡോ. രവി എം. നായർ സാറിനോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

## സംസ്ഥാന കുടുംബസംഗമം കുമരകത്ത് (13/02/2011)

2011 ഫെബ്രുവരി 13 -ാം തിയതി കുമരകത്തു വച്ച് IHK യുടെ സംസ്ഥന കുടുംബസംഗമം വിജയകരമായി നടത്തപ്പെട്ടു. 200 ഓളം അംഗങ്ങൾ പങ്കെടുത്ത പരിപാടിയുടെ ഉത്ഘാടനം ഹോമിയോപ്പതി ഡയറക്ടർ ബഹുമാനപ്പെട്ട ഡോ. ജമുന നിർവഹിച്ചു. IHK സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറക് ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് സ്വാഗതം ആശംസിച്ചു. പ്രശസ്ത സിനിമാതാരം ഡോ. ജയൻ കലാപരിപാടികളുടെ ഉത്ഘാടനം നിർവഹിച്ചു. ഡോ. വി. ആർ. കൃഷ്ണൻ കുട്ടി, ഡോ. പ്രസാദ് ഉമ്മൻ ജോർജ്, ഡോ. പി. മുരളിധരൻ നായർ, ഡോ. ബി. ബിന്ദു വിശ്വനാഥൻ, ഡോ. സി. ആർ. ശ്രീകുമാർ എന്നിവർ സംസാരിച്ചു. തുടർന്ന് കുട്ടികളുടെ കലാ പരിപാടികളും മുതിർന്നവരുടെ ഡാൻസും, ഉച്ചക്ക് ശേഷം ഉല്ലാസകരമായ ബോട്ട് യാത്രയും രസകരമായ അനുഭവമായിരുന്നു.

ഈ പരിപാടിയുടെ പിന്നിൽ പ്രവർത്തിച്ച വൈക്കം യൂണിറ്റ് സെക്രട്ടറി ഡോ. എം. ബി. ശ്രീകുമാറിനോടും കോട്ടയം ജില്ലാ പ്രസിഡന്റ് ഡോ. പി. മുരളീധരൻ നായരോടും ജില്ലാ സെക്രട്ടറി ഡോ. സി. ആർ. ശ്രീകുമാറിനോടും IHK യുടെ നന്ദി അറിയിക്കുട്ടെ.

## സംസ്ഥാന പ്രസിഡന്റിന്റെ ഓഫീസ്

സംഘടനയുടെ 2010-11 വർഷം ആരംഭത്തിൽ തന്നെ ഹോമിയോപ്പതി വൈദ്യശാസ്ത്രത്തിന്റെ വളർച്ചക്കും സംഘടനയുടെ ചിട്ടയായ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

## മെമ്മോറാണ്ടങ്ങൾ

മേൽ തീരുമാനപ്രകാരം 16.07.2010 ൽ സ്റ്റേറ്റ് പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ്, ട്രഷറർ ഡോ. വി. ആർ. കൃഷ്ണൻകുട്ടി, പി. ആർ. ഒ. ഡോ. സുന്ദരം വേനായുധൻ, തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ. എസ്. അജയകുമാർ എന്നിവർ ചേർന്ന് മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, ഹെൽത്ത് സെക്രട്ടറി എന്നിവർക്ക് നിവേദനം സമർപ്പിച്ചു. നിവേദനത്തിൽ കേരളാ മെഡിക്കൽ ബില്ല്, 1995ലെ ഹോമിയോപ്പതി കമ്മിഷൻ റിപ്പോർട്ട് ഹോമിയോപ്പതിയിൽ സർക്കാർ തലത്തിൽ പ്രചരണ പരിപാടികൾ, വിദ്യാഭ്യാസമേഘലയിൽ നടത്തേണ്ട മാറ്റങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയിൽ സർക്കാർ ഉടൻ ചെയ്യേണ്ട കാര്യങ്ങൾ ആവശ്യപ്പെട്ടു. മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ, സംഘടനയുടെ ആവശ്യങ്ങളിൽ പരിഹാരമാർഗ്ഗങ്ങൾ ഉറപ്പ് നൽകുകയും ആരോഗ്യമന്ത്രിക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 16.04.2010ൽ പാരമ്പര്യ ആയുർവേദ വൈദ്യന്മാർക്കും സിദ്ധവൈദ്യന്മാർക്കും സ്വയം പഠനം നടത്തി ഹോമിയോപ്പതി പ്രക്ടീസ് ചെയ്യുന്നവർക്കും നിയമവിരുദ്ധമായി ബി. ക്ലാസ്സ് രജിസ്ട്രേഷൻ നൽകുന്നതു സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനായി സർക്കാർ ഇറക്കിയ ഉത്തരവിനെതിരെ വീണ്ടും സർക്കാരിന് നിവേദനം നൽകി. ക്രേന്ദസംസ്ഥാന നിയമങ്ങൾക്ക് എതിരായി മാനദണ്ഡങ്ങൾ നിശ്ചയിക്കുവാൻ ഉണ്ടാക്കിയ പ്രസ്തുത കമ്മിറ്റിയിൽ നിന്ന് രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് കമ്മിറ്റി അംഗങ്ങൾക്കും നിവേദനം നൽകി.

മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ രാജിവച്ച രജിസ്ട്രാർക്ക് പകരം വീണ്ടും ഹോമിയോപ്പതി ഡോക്ടറെ പ്രസ്തുത പദവിയിൽ നിയമിക്കണമെന്നാവശ്യപ്പെട്ട് ഹെൽത്ത് യൂണിവേഴ്സിറ്റി വൈസ്ചാൻസിലർക്ക് 02.01.2011ൽ നിവേദനം നൽകി.

07.08.2010-ൽ ഇന്ത്യയിലെ എല്ലാ റെയിൽവേ ആശുപത്രികളിലും ഹോമിയോപ്പതിവിഭാഗം ആരംഭിക്കുണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റെയിൽവേ സഹമന്തി ശ്രീ. ഇ. അഹമ്മദിന് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. വി. രതീഷ്കുമാർ, മലപ്പുറം ജില്ല സെക്രട്ടറി ഡോക്ടർ പി. എ. നൗഷാദ് എന്നിവർ മുഖാന്തിരം നിവേദനം കൊടുത്തു.

21.09.2010ൽ കേന്ദ്ര ആയുഷ് ഡിപ്പാർട്ട്മെന്റി സെക്രട്ടറി ശ്രിമതി എസ്. ജലജക്ക് കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും എൻ. ആർ. എച്ച്. ഡിസ്പൻസറികൾ ആരംഭിക്കുവാൻ കേരളസർക്കാരിന് നിർദ്ദേശം നൽകണമെന്നും, ഹോമിയോപ്പതി ഡിഗ്രി, പിജി പഠനരംഗത്തെ പോരായ്മകൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം നൽകി.

09.01.2011ൽ ചേർത്തലയിൽ നടന്ന 72-മത് സംസ്ഥാന ശാസ്ത്രസമ്മേളനം ഉത്ഘാടനം ചെയ്യുവാനെത്തിയ കേരള മുഖ്യമന്തി ശ്രീ. വി. എസ്. അച്യുതാനന്ദൻ മുൻപാകെ, ഹോമിയോപ്പതി രംഗത്ത് ഉടനടി നടപ്പിലാക്കേണ്ട 10 പ്രധാന ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചു. അതിന്റെ ഫലമായി ഉടൻതന്നെ 25 സർക്കാർ ഡിസ്പെൻസറികളും 64 എൻ. ആർ. എച്ച്. എം. ഡിസ്പെൻസറികളും ജനുവരി മാസം തന്നെ തസ്തികകൾ സഹിതം അനുവദിച്ചുകെണ്ട് സർക്കാർ ഉത്തരവായി.

10.02.11ൽ മെഡിക്കൽ പ്രാക്ടീഷിണേഴ്സ് ബില്ല് പാസ്സാക്കുക, ജനാധിപത്യ രീതിയിൽ മെഡിക്കൽ കൗൺസിൽ പുന:സംഘടിപ്പിക്കുക. പ്രാധാമിക ചികിൽസയിലും പ്രതിരോധ ചികിൽസയിലും ഹോമിയോപ്പതിക്ക് കൂടുതൽ പ്രാധാന്യം നൽകുക എന്നീ ആവശ്യങ്ങൾ തെരഞ്ഞെടുപ്പു പ്രകടന പത്രികയിൽ ചേർക്കുവാനായി ശ്രീ. വൈക്കം വിശ്വൻ, എം. എം. ഹസൻ, സി. കെ. ചന്ദ്രപ്പൻ, സുരേന്ദ്രൻപിള്ള തുടങ്ങിയ കേരളത്തിലെ വിവിധ പാർട്ടി നേതാക്കൾക്ക് നൽകി.

21.02.2011ൽ മലബാർ മേബാർ മേഖലയിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാരെയും അംഗീകൃത യോഗ്യതയില്ലാത്ത ഹോമിയോപ്പതി ചികിത്സകരെയും രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവ് നൽകി കേരള സർക്കാർ ഉത്തരവിരക്കിയതിനെതിരെ 27.02.2011ൽ ഐ. എച്ച്. കെ. സിൽവർ ജൂബിലി ആഘോഷ ഉത്ഘാകനായെത്തിയ കേന്ദ്രമന്തി പ്രൊഫസർ കെ. വി. തോമസ് മുൻപാകെ മെമ്മോറാണ്ഡം സമർപ്പിച്ചു. പ്രസ്തുത നിവേദനത്തിന് മറുപടിയായി കേന്ദ്രമന്തി

നൽകിയ പ്രസ്താവന കേരള ഹൈക്കോടതിയിൽ ഐ.എച്ച്.കെ. നൽകിയ ഹർജ്ജിയിൽ കോടതി വിധിക്ക് ഉപോദ്ബലകമായി പരിഗണിക്കപ്പെട്ടു.

## ഐ. എച്ച്. കെ. വെബ് സൈറ്റ് (www.theihk.org)

കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമാക്കാതെ പ്രവർത്തനം നിലച്ച ഐ. എച്. കെ. വെബ് സെറ്റ് താഴെപ്പറയുന്ന രീതിയിൽ പുതുക്കി അവതരിപ്പിച്ചുകൊണ്ട് വളരെ ഉയർന്ന നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ സാധിച്ചുയെന്നത് ഈ വർഷത്തെ പ്രധാന നേട്ടമായി കണക്കാക്കുന്നു.

1 ഐ. എച്ച്. കെ.യുടെ പ്രാരംഭകാലം മുതൽക്കുള്ള ചരിത്രം പൂർണ്ണമായും ഉൾപ്പെടുത്തി.
2 ഡൈനാമിക് വെബ്സൈറ്റ് എന്ന നിലയിൽ നിർമ്മിച്ചിരിയ്ക്കുന്നതിനാൽ സംഘടനാഭാരവാഹികൾക്കു തന്നെ കൈകാര്യം ചെയ്യുവാൻ സാധിക്കുന്നു.
3 കാലാകാലങ്ങളിൽ സംഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ മാനേജർക്കുതന്നെ പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നു.
4 ഹോമിയോപ്പതിയെക്കുറിച്ചുള്ള രൂപരേഖകൾ പ്രസിദ്ധീകരിച്ചു.
5 സ്റ്റേറ്റ്, ഡിസ്ട്രിക്റ്റ്, യൂണിറ്റ് ഭാരവാഹികളുടെ സമ്പൂർണ്ണ ലിസ്റ്റ് ഉൾക്കൊള്ളിച്ചു.
6 ഐ. എച്ച്. കെ. ഭവനെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരങ്ങൾ.
7 ഐ. എച്ച്. കെ. ന്യൂസ് ഓൺലൈനായി വായിക്കുവാനുള്ള സൗകര്യം.
8 സംഘടനയ്ക്ക് നേതൃത്വം നൽകിയ പയനിയർ മെംബേഴ്സിനെക്കുറിച്ചുള്ള വിവരങ്ങൾ.
9 സംഘടനയിൽ പ്രവർത്തിച്ച എല്ലാ ഭാരവാഹികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി.
10 ഗവേഷണം, വിവാഹപരസ്യ വിഭാഗങ്ങൾ.
11 ഒൺലൈൻ മെംബർഷിപ്പ് എടുക്കുവാനുള്ള സൗകര്യം.
12 യൂണിറ്റ് റിപ്പോർട്ടുകൾ ഓൺലൈനായി ചെയ്യുവാനുള്ള അവസരം.
13 വിദ്യാർത്ഥികൾക്കായി പ്രത്യേക വിഭാഗം.
14 വിപുലമായ ഫോട്ടോ ഗ്യാലറി .
15 ഐ. എച്ച്. കെ. ടീച്ചിംഗ് ഫാക്കൽറ്റി മെംബേഴ്സിന്റെ വിവരങ്ങൾ.

16 പ്രധാന ഫയലുകൾ ഓൺലൈൻ ഡൗൺലോഡിംഗ് സൗകര്യം (ഉദ: IHKSSS ആപ്ലിക്കേഷൻഫോം)

17 സംഘടനയുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളും Coming events എന്ന ഫയലിൽ മുൻകൂർ പ്രസിദ്ധീകരിക്കുന്നു.

18 വെബ് സൈറ്റ് നിയന്ത്രിക്കുവാനുള്ള സെക്രട്ടറിയൽ ഏരിയ രൂപപ്പെടുത്തി.

19 വിവിധ ഹോമിയോപ്പതി ആന്റ് മെഡിക്കൽ വെബ് സൈറ്റുകളിലേക്ക് ലിങ്കുകൾ.

20 ഐ. എച്ച്. കെ. ഡോക്ടർമാർക്ക് പ്രത്യേക പരസ്യവിഭാഗം.

## ഭാവി പരിപാടികൾ

1 മെംമ്പർഷിപ്പ് മാനേജ്മെന്റ്, സോഫ്റ്റ് വെയറിന്റെ സഹായത്തോടെ അംഗങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ, അക്കണ്ട് എന്നിവ ഓൺലൈനായി Id number മുഖേന വീക്ഷിക്കുവാൻ സംവിധാനം.

2 ഐ. എച്ച്. കെ., -എസ്.എസ്.എസ്. പൂർണ്ണമായും കബ്യൂട്ടർ വൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

3 ഓൺലൈൻ പ്രസ്ക്രിപ്ഷൻ എയ്ഡ്.

സംഘടനയുടെ ഫണ്ടിൽ നിന്നും പണം മുടക്കില്ലാതെ പൂർണ്ണമായും പരസ്യങ്ങളിലൂടെ പണം കണ്ടെത്തിക്കൊണ്ട് വെബ്സൈറ്റ് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞുയെന്നത് ഈ വർഷത്തെ പുതിയൊരു വിജയകരമായ പ്രോജക്ടായി കാണുന്നു. ഈ നേട്ടത്തിന് വേണ്ടി ഒരു സോഫ്റ്റ് വെയർ എഞ്ചിനീയറുടെ പാടവത്തോടെയും കൃത്യതയോടെയും സ്തുത്യർഹമായ സേവനം ഐ. എച്ച്. കെ. യ്ക്ക് നൽകിയ വൈക്കം യൂണിറ്റ് സെക്രട്ടറിയും വെബ്സൈറ്റ് മാനേജരുമായ ഡോക്ടർ എം. ബി. ശ്രീകുമാറിന് അഭിനന്ദവും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

## ഐ. എച്ച്. കെ. രജത ജൂബിലിയാഘോഷ സ്മാരക പ്രോജക്ട്

ഹോമിയോപ്പതി ശാസ്ത്രത്തിന്റെ സബൂർണ്ണമായ വളർച്ചയെ ലക്ഷ്യംവച്ചുകൊണ്ടും ഡോക്ടർമാരുടെ ജോലി സാധ്യത, തൊഴിൽപരമായ ഉന്നമനം എന്നിവ മുന്നിൽ കണ്ടുകൊണ്ടും മാസ്റ്റർ സാമുവൽ ഹാനിമാൻ സ്വപ്നം കണ്ട പൂർണ്ണതയിൽ ഹോമിയോപ്പതിയെ വരും തലമുറക്ക് കൈമാറുകയെന്ന വലിയ ദൗത്യം ഒരു പ്രവർത്തന പ്രോജക്ടായി സ്വീകരിക്കുവാൻ നേതൃത്വത്തിന് കഴിഞ്ഞുവെന്നതും അത് പ്രവർത്തകരുടെ അംഗീകാരത്തിന് സമർപ്പിക്കുവാനായതും ഈ വർഷത്തെ ഏറ്റവും വലിയ നേട്ടമായി അവകാശപ്പെടുന്നു.

“ഹോമിയോപ്പതി ദി മെഡിസിൻ ഓഫ് ദി സെഞ്ചറി” യെന്ന ആപ്ത വാക്യവും “ഹോമിയോപ്പതി സെയ്ഫ്, സിമ്പിൾ, സയന്റിഫിക്, അഫോഡബിൾ ആന്റ് ഇഫക്ടീവ് മെഡിസിൻ ഫോർ ഓൾ” എന്ന ലോഗോയും സന്ദേശമായി പ്രചരിപ്പിച്ചുകൊണ്ട് 10 വർഷം നീണ്ടുനിൽക്കുന്ന സംഘടനാപരമായ പ്രവർത്തന മുന്നേറ്റത്തിലൂടെ സർക്കാരിലൂടെ നേടിയെടുക്കേണ്ട നമ്മുടെ ആവശ്യങ്ങൾ 7 ടെറ്റിലുകളിലൂടെ 47 സബ്ബ് ടൈറ്റിലുകളിൽ പ്രസന്റ് ചെയ്തിരിക്കുന്ന “വിഷൻ ഡോക്യുമെന്റ് ആന്റ് പ്രോഗ്രാം” തയ്യാറാക്കുകയും, സിൽവർ ജൂബിലിയാഘോഷങ്ങൾ എറണാകുളം ടൗൺഹാളിൽ 27.02.2011ൽ കേന്ദ്രമന്ത്രി പ്രൊഫ. കെ. വി. തോമസ് ഉത്ഘാടനം നടത്തിയ പ്രൗഢഗംഭീരമായ വേദിയിൽ പ്രകാശനം നടത്തുകയും ചെയ്തുവെന്നത് അഭിമാനകരമായ നേട്ടമായികണക്കാക്കുന്നു. ഈ നേട്ടം മേൽ ലക്ഷ്യപ്രാപ്തിക്കുള്ള ആദ്യ ചുവടു വയ്പായിത്തീരട്ടെയെന്ന് ആഗ്രഹിക്കുന്നു. ഐ. എച്ച്. കെ, എസ്. ഇ. സി. ആവശ്യപ്പെട്ടതിൻ പ്രകാരം വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിൽ നിസ്വാർത്ഥമായ സഹായസഹകരണം തന്ന സംഘടനയുടെ ഫൗണ്ടർ പ്രസിഡന്റ് ഡോക്ടർ രവി എം. നായർക്ക് ആദരപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

## ഐ. എച്ച്. കെ. ഭവൻ

ഐ. എച്ച്. കെ. ഭവൻ പൂർണ്ണമായും ഫർണിഷ് ചെയ്തുകൊണ്ട് ടൈം ഷെയർ നൽകിയവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി താമസസൗകര്യം നൽകുമെന്ന തീരുമാനം നടപ്പിലാക്കിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. 2-ാം നിലയിലെ 3 ബെഡ്റൂമുകളിലും 1 -ാം നിലയിലെയും താഴെത്തെ നിലയിലും കോൺഫറൻസ് ഹാളികളിലും ആവശ്യത്തിന് മേശ, കസേരകൾ ലഭ്യമാക്കി. സ്പോൺസർഷിപ്പുകളിലൂടെയും പരസ്യങ്ങളിലൂടെയും സഹകരിച്ചവർക്ക് നന്ദി രേഖപ്പെടുത്തുന്നു.

## ഐ. എച്ച്. കെ. ബൈലോ

സംഘടന ബൈലോ 31.03.1998ന് ശേഷം നിലവിൽ വന്ന അമന്റ്മെൻസ് ഉൾപ്പെടുത്തി, പിതുതായി പ്രസിദ്ധീകരിക്കണമെന്ന അംഗങ്ങളുടെ നിരന്തരമായ ആവശ്യം ഈ വർഷം പൂർത്തീകരിക്കുവാനായി. രജിസ്ട്രഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ ചെയ്തുകൊണ്ട് പ്രിന്റിംഗ് നടത്തിയ പുതിയ ബൈലോ ഏപ്രിൽ മാസം 17-ാം തീയതി എറണാകുളത്ത് നടക്കുന്ന സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗിൽ പ്രകാശനം ചെയ്തു.

## പബ്ലിക് റിലേഷൻസ് ഓഫീസ്

ഐ. എച്ച്. കെ. യുടെ സന്ദേശം അംഗങ്ങളിലെത്തിക്കുക, ഹോമിയോപ്പതിയുടെ സന്ദേശം ജനങ്ങളിലെത്തിക്കുക എന്ന സുപ്രധാന

ഉത്തരവാദിത്വം വളരെ കൃത്യമായി നിറവേറ്റിയ ചാരിതാർത്ഥ്യത്തിലാണ് ഐ. എച്ച്. കെ. യുടെ പി. ആർ. ഒ. പ്രവർത്തന വർഷത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് എച്ച്. കെ. യുടെ യൂണിറ്റ് ഭാരവാഹികൾക്ക് പി. ആർ. ഒ. നടത്തിയ പരിശീലന ക്ലാസ് ഇതുവരെ നടന്നിട്ടുള്ളതിൽ ഏറ്റവും ഫലപ്രദമായിരുന്നു. ഹോമിയോപ്പതിയുടെ പ്രചാരണം മാധമങ്ങളിലൂടെ എങ്ങിനെ പ്രയോഗികമാക്കാം എന്ന് ഭാരവാഹികളെ ബോധവൽക്കരിച്ചുകൊണ്ടുള്ളതായിരുന്നു ക്ലാസ്. സംഘടനാ പ്രവർത്തനങ്ങൾ പത്രങ്ങളിൽ പ്രസിദ്ധികരിക്കുന്നതിന്റെ പ്രാധാന്യവും വാർത്ത നൽകുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികളും വളരെ വിശദമായി അംഗങ്ങളെ പഠിപ്പിച്ച ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം വളരെ വിജയപ്രദമായിരുന്നു. അതോടൊപ്പം സംഘടനയുടെ നിയമാവലിയുടെ അടിസ്ഥാന തത്വങ്ങളും പ്രധാന ഏടുകളും അംഗങ്ങൾക്ക് വളരെ വിശദമായിതന്നെ വിവരിക്കുന്നതായിരുന്നു പ്രോഗ്രാം. യൂണിറ്റ് മീറ്റിംഗ് മുതൽ സംസ്ഥാന സമ്മേളനം വരെ ഏറ്റെടുത്തു നടത്തുമ്പോൾ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കേ കാര്യങ്ങളെല്ലാം ബൈലായുടെ പിൻബലത്തോടെ വിശദികരിക്കുന്നതായിരുന്നു ക്ലാസ്സ്.

ഐ. എച്ച്. കെ. യുടെ നേതൃത്വത്തിൻ സംസ്ഥാന ഭാരവാഹികൾ മുഖ്യമന്ത്രിയെ സന്ദർശിച്ച അവസരത്തിൽ ഹോമിയോപ്പതി ശാസ്ത്രത്തിൻെറ പുരോഗതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നേരിട്ടും, വിശദവും വ്യക്തവുമായ ഹർജിയിലൂടെയും മുഖ്യമന്ത്രിയെ ധരിപ്പിക്കുവാൻ പി. ആർ. ഒ. ചെയ്ത സേവനം ശ്ലാഘനീയമാണ്.

ഹോമിയോപ്പതിയെ സംബന്ധിച്ച വാർത്തകൾ കേരളത്തിലെ പ്രധാന പത്രങ്ങളിലൂടെ പ്രസിദ്ധീകരിപ്പിക്കാൻ ഈ വർഷം സാധിച്ചു എന്നതും എടുത്തുപറയട്ടെ.

സംഘടന പ്രവർത്തനങ്ങളിലെ പ്രധാന ഇനമായ വ്യാജ ചികിസകർക്കെതിരെയുള്ള പോരാട്ടം ജനങ്ങളുടെയിടയിൽ ചർച്ചാവിഷയമാക്കുവാൻ തക്ക തരത്തിൽ പത്ര റിപ്പോർട്ടുകൾ ഉണ്ടാക്കാൻ സാധിച്ചു എന്നത് ഐ. എച്ച്. കെ. പബ്ലിക് റിലേഷൻസ് ആഫീസിന്റെ പ്രവർത്തനവിജയം തന്നെ.

ഐ. എച്ച്. കെ. നേതൃത്വത്തിൽ എ. കെ. എച്ച്. സി. സി. നടത്തിയ ധർണ്ണ അന്നേദിവസം കരിദിനമായി ആചരിക്കാൻ പത്രങ്ങളിലൂടെ ഐ. എച്ച്. കെ. ആഹ്വനം നൽകിയിരുന്നു. പ്രധാന പത്രങ്ങളിലെന്നായ മാതൃഭൂമി പ്രസ്തുത വാർത്ത പ്രധാന്യം നൽകിത്തന്നെ പ്രസിദ്ധികരിച്ചിരുന്നു. വ്യാജ ചികിത്സകരെ സഹായിക്കുന്നതിനുവേണ്ടി സർക്കാർ നിർമ്മിച്ച ഉത്തരവിനെ ആദ്യം രംഗത്തുവന്നതും ഐ. എച്ച്. കെ. എന്ന നമ്മുടെ സംഘടനയാണ്. സംഘടനാ നേതൃത്വത്തിന്റെ പ്രതിഷേധ പ്രസ്താവന പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു.

പ്രധാന വിഷയങ്ങളെ സംബന്ധിച്ച് ഐ. എച്ച്. കെ. യുടെ തീരുമാനങ്ങൾ പത്രങ്ങളുടെ എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി ജില്ല സെക്രട്ടറിമാർക്ക് പത്രക്കുറിപ്പ് തയ്യാറാക്കി അയച്ചു കൊടുത്തിരിക്കുന്നു. ചില ജില്ലാ സെക്രട്ടറിമാർ മാത്രം തൃപ്തികരമായ വിധത്തിൽ പ്രവർത്തിച്ചു എന്നതും എടുത്തു പറയട്ടെ.

ഐ. എച്ച്. കെ. യുടെ രജതജൂബിലി ആഘോഷങ്ങളെ സംബന്ധിച്ച് എറണാകുളത്ത് പത്രസമ്മേളനം നടത്തിയതിന്റെ വെളിച്ചത്തിൽ ഒട്ടു മിക്ക പത്രങ്ങളും പ്രസ്തുത പരിപാടിയുടെ ഉത്ഘാടനം ഫോട്ടോ സഹിതം പ്രാധാന്യം നൽകി തന്നെ പ്രസിദ്ധീകരിച്ചു. ഐ. എച്ച്. കെ. യുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായ വ്യാജ ചികിത്സയ്ക്കെതിരെയുള്ള നിയമയുദ്ധത്തിൽ ഐ. എച്ച്. കെ. ക്കുണ്ടായ വിജയം കേരളത്തിലെ എല്ലാ ദിനപ്പത്രങ്ങളും കൊട്ടിയാഘോഷിക്കത്തക്ക തരത്തിൽ വിളംബരം ചെയ്തു എന്നത് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കോടതിയുടെ പരാമർശനങ്ങൾ സഹിതം ഐ. എച്ച്. കെ. നൽകിയ റിട്ട് അനുവദിച്ച് സ്റ്റേ നൽകിയ വാർത്ത കേരളം മുഴുവൻ അറിയിക്കാനായി എന്നതിൽ ഐ. എച്ച്. കെ. യുടെ പി. ആർ. ഒ. യുടെ സേവനം എറെ ശ്രദ്ധിക്കപ്പെടുന്നതായിരുന്നു. പി. ആർ. ഒ. ഡോ. സുന്ദരം വേലായുധനോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

## <u>IHR</u>

13/09/2009 ഞായറാഴ്ച തൊടുപുഴ മുട്ടം റൈഫിൾസ് ക്ലബ് ആഡിറ്റോറിയത്തിൽ, IHK യുടെ മേൽനോട്ടത്തിൻ കീഴിൽ IHR എന്ന ഗവേഷണ വിഭാഗം രൂപം കൊണ്ടു. ലോക സമൂഹത്തിന് മുൻപിൽ ഹോമിയോപ്പതി ശാസ്ത്രീയമാണെന്ന് തെളിയിക്കുവാനും, ഹോമിയോപ്പതിയുടെ അനന്ത സാധ്യതകളെ കണ്ടെത്തുവാനും, ഔഷധ വിജ്ഞാനത്തിൽ കേരളത്തിലെ അമൂല്യ ഔഷധങ്ങളെ കൂട്ടിച്ചേർക്കുവാനും ഉദ്ദേശിച്ചു കൊണ്ടുള്ള IHK യുടെ ഒരു സംരംഭമാണ് IHR. IHK ഇടുക്കി യൂണിറ്റിന്റെ  മേൽനോട്ടത്തിൽ ഡോ. ജോസ് കൊറ്റാഞ്ചേരിൽ (Life Member IHK) ഗവേഷണത്തിന് നേതൃത്വം നൽകിവരുന്നു. 13/01/2010 നടത്തിയ ചർച്ചയിൽ കോട്ടയം ആതുരശ്രമം ഹോമിയോപ്പതിക് മെഡിക്കൽ കോളേജും IHR യും തമ്മിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിന് ധാരണയായിട്ടുള്ളതാണ്. ഇപ്പോൾ പ്രവർത്തനങ്ങൾ ഒരുമിച്ച് പോകുന്നു. 24/01/2010 - ൽ കൂടിയ യോഗത്തിന് IHK സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ്, ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ്  IHR കോ- ഓർഡിനേറ്റർ ഡോ. മാനുവൽ ജോർജ്ജ് എന്നിവർ നേതൃത്വം നൽകി. തുടർന്നുള്ള ചർച്ചകൾക്ക് ഡോ. റ്റി. എൻ. ശ്രിധരക്കുറിപ്പ് മോഡറേറ്ററായിരുന്നു. കോട്ടയം CRI ലെ ഡോ. ഷാഹു, ഡോ. ശിവദാസ്, ഡോ. റെജി തുടങ്ങിയവർ Drug Proving സംബന്ധിച്ച് വിശദമായി സംസാരിച്ചു. 24/11/2010 ൽ ചേർന്ന IHR യോഗത്തിന് ഇടുക്കി ജില്ല സെക്രട്ടറി ഡോ. കെ. എസ്. റോയി, ഇടുക്കി യൂണിറ്റ് സെക്രട്ടറി ഡോ. ജെയ്സൺ എബ്രഹാം എന്നിവർ നേതൃത്വം നൽകി. ഡോ. ബിന്ദുജോൺ തിരുവനന്തപുരം ഗവേഷണത്തിന്റെ പ്രസക്തി വിശദമായി സംസാരിച്ചുകാണ്ട് വിഷയം അവതരിപ്പിച്ചു. ഗവേഷണ രംഗം കൂടുതൽ വിപുലമാക്കുവാനും ഹോമിയോപ്പതിക്ക് ഏറെ പ്രയോജന പ്രദമാക്കുവാനും കേരളത്തിലെ യുവഡോക്ടർമാരോട് IHR മായി ചേർന്ന് പ്രവർത്തിക്കുണമെന്ന്

അഭ്യർത്ഥിച്ചുകൊണ്ട്, IHR ന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന ഡോ. ജോസ് കൊറ്റാഞ്ചേരിൽ ഡോ. മാനുവൽ ജോർജ്, ഡോ. ജെയ്സൺ എബ്രഹാം, ഡോ. കെ. എസ്. റോയി തുടങ്ങി എല്ലാ ഇടുക്കി യൂണിറ്റംഗങ്ങളോടും IHK യുടെ നന്ദിയും കടപ്പാടും അറിയിക്കട്ടെ.

## IHR – ന്റെ മറ്റു പ്രധാന പ്രവർത്തനങ്ങൾ

1. ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രൈനിംഗ് സെന്റർ, തിരുവനന്തപുരം, ആയി ചേർന്ന് "ആന്റി റാബീസ്" ഗവേഷണം പുരോഗമിക്കുന്നു.
2. മിൽമ ആലപ്പുഴ യൂണിറ്റ് ഇൻ-ചാർജ് ഡോ. യാൻസിയുമായി ചേർന്ന് "Antibiotic Resistance ആയിട്ടുള്ള കേസുകളിൽ ഹോമിയോപ്പതിയുടെ പ്രസക്തി" എന്ന വിഷയം പഠന വിധേയമാകുന്നു.
3. കണ്ണൂർ ജില്ലയിലെ - 2 പഞ്ചായത്തിന്റെ ഇൻ ചാർജ്ജ് വഹിക്കുന്ന ഡോ. സാനിയും team മായി ചേർന്ന് "ഹോമിയോപ്പതി മരുന്നുകൾ മൃഗങ്ങളിൽ എങ്ങനെ പ്രയോജനപ്പെടുത്താം." എന്ന ഗവേഷണം പുരോഗമിക്കുന്നു.
4. നിർമ്മല കോളേജ് Ecology Dept. HOD ഡോ. ഷാജു തോമസുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
5. International Taxonomy Council അംഗമായ പാല സെന്റ് തോമസ് കോളേജ് ബോട്ടണി ഡിപ്പാർട്ട്മെന്റിലെ ഡോ. ജോമിസെബാസ്റ്റ്യനുമായി ചേർന്ന് "Plant Identification" പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

## സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ്

2010–2011 പ്രവർത്തന വർഷത്തെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി താഴെപ്പറയുന്ന ദിവസങ്ങളിൽ യോഗം ചേർന്ന് IHK യുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

| | | |
|---|---|---|
| 08/05/2010 | - | ഹോട്ടൽ സ്പാൻ, കോഴിക്കോട്<br>36-ൽ 34 അംഗങ്ങൾ പങ്കെടുത്തു. |
| 13/ 06/2010 | - | Xavier's Hotel, Kollam<br>36-ൽ 22 അംഗങ്ങൾ പങ്കെടുത്തു. |
| 05/09/2010 | - | ഹോട്ടൽ ക്ലബ് - 9, ആലുവ<br>36 ൽ 21 അംഗങ്ങൾ പങ്കെടുത്തു. |

26/09/2010 - ഗോപാലകൃഷ്ണാ ആഡിറ്റോറിയം, ചാലക്കുടി
36 ൽ 22 അംഗങ്ങൾ പങ്കെടുത്തു.

12/12/2010 - ഹോട്ടൽ മെഹനാമി, ആലുവ
36-ൽ 14 അംഗങ്ങൾ പങ്കെടുത്തു.

09/01/2011 - എസ്.എസ്. കലാമന്ദിരം, ചേർത്തല
36-ൽ 22 അംഗങ്ങൾ പങ്കെടുത്തു.

10/04/2011 - ഐ.എച്ച്.കെ. ഭവൻ, തിരുവന്തപുരം
36-ൽ 13 അംഗങ്ങൾ പങ്കെടുത്തു.

**സംസ്ഥാന കൗൺസിൽ മീറ്റിംഗ് 2010–2011**

IHK യുടെ പരമാധികാര സഭയായ സംസ്ഥാന കൗൺസിൽ യോഗം താഴെ പറയും വിധം ചേർന്നുകൊണ്ട് തീരുമാനങ്ങൾ കൈകൊണ്ടു. ഉത്തരവാദിത്വപ്പെട്ട അംഗങ്ങളുടെ സഹകരണം താഴെ പറയും വിധം.

08/05/2010 - ഹോട്ടൽ സ്പാൻ, കോഴിക്കോട്
192-ൽ 150 അംഗങ്ങൾ പങ്കെടുത്തു.

04/07/2010 - ഹോട്ടൽ ഓർക്കിഡ്, എറണാകുളം
192-ൽ 89 അംഗങ്ങൾ പങ്കെടുത്തു.

10/10/2010 - ഹോട്ടൽ ഓർക്കിഡ്, എറണാകുളം
192-ൽ 55 അംഗങ്ങൾ പങ്കെടുത്തു.

07/11/2010 - ഹോട്ടൽ ഓർക്കിഡ്, എറണാകുളം
192-ൽ 63 അംഗങ്ങൾ പങ്കെടുത്തു.

23/01/2011 - ഹോട്ടൽ ഓർക്കിഡ്, എറണാകുളം
192-ൽ 45 അംഗങ്ങൾ പങ്കെടുത്തു.

17/04/2011 - ഹോട്ടൽ ഓർക്കിഡ്, എറണാകുളം

## ഓൾ കേരള ഹോമിയോപ്പതിക് കോ-ഓർഡിനേഷൻ കൗൺസിൽ 2010–2011

IHK യുടെ സംസ്ഥാന ട്രഷറർ എന്ന ഭാരിച്ച ഉത്തരവാദിത്വമുള്ളതിനാൽ AKHCC യുടെ ചെയർമാൻ സ്ഥാനത്തുനിന്നും IHK യുടെ പ്രതിനിധി ഡോ. വി. ആർ. കൃഷ്ണൻകുട്ടിയെ IHK യുടെ തീരുമാന പ്രകാരം പിൻവലിക്കുകയും തത്സ്ഥാനത്തേക്ക് ഡോ. സുന്ദരം വേലായുധനെ ചുമതലപ്പെടുത്തുകയും ചെയ്തു. AKHCC യുടെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലാ കമ്മിറ്റി, എല്ലാ വിഭാഗം ഡോക്ടർമാരെയും അണിനിരത്തിക്കൊണ്ട് സർക്കാർ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് കളക്ടറേറ്റിനു മുൻപിൽ ധർണ നടത്തി, ധർണയെ അഭിസംബോധന ചെയ്തുകൊണ്ട് വിവിധ രാഷ്ട്രീയ നേതാക്കളും, സംഘടനാ പ്രതിനിധികളും, വിദ്യാർത്ഥി പ്രതിനിധികളും സംസാരിച്ചു.

## പുതിയ യൂണിറ്റ്

IHK യുടെ 63-ാം മത് യൂണിറ്റായി തിരുവനന്തപുരം ജില്ലയിൽ "കാട്ടാക്കട യൂണിറ്റ്" 10/04/2010-ൽ ഉത്ഘാടനം ചെയ്യപ്പെട്ടു. ഡോ. ഹാനിമാന്റെ ജന്മദിന ആഘോഷവേളയിൽ യൂണിറ്റ് ഉത്ഘാടനം ചെയ്യുവാൻ സാധിച്ചതിൽ നാം അഭിമാനിക്കുന്നു. പുതിയ യൂണിറ്റ് ഭാരവാഹികളെയും, പുതുതായി ഈ യൂണിറ്റിനായി പ്രവർത്തിച്ചവരെയും അഭിനന്ദിക്കുന്നു.

## ഡോക്ടർ സാമുവൽ ഹാനിമാൻ 256–ാം ജന്മദിനാഘോഷം (10/04/2011)

ഡോ. സാമുവൽ ഹാനിമാന്റെ 256–ാം ജന്മദിനാഘോഷം സംസ്ഥാന തലത്തിൽ തിരുവനന്തപുരത്ത് 2011 ഏപ്രിൽ 10–ാം തീയതി ഞായറാഴ്ച IHK ഭവനിൽ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ IHK സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോസിറിയക് ജോസഫ് അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് സ്വാഗതവും, വൈസ് പ്രസിഡന്റ് ഡോ. ജി. ഉണ്ണികൃഷ്ണൻ നായർ മുഖ്യ പ്രഭാഷണവും നടത്തി. കേരളത്തിലെ മുതിർന്ന ഹോമിയോപ്പതി ഡോക്ടറും ആദ്യ കാലം മുതൽ IHK അംഗവുമായ ഡോ. കെ. വി. ജോൺ, സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് ഡോ. ഹാനിമാൻ അനുസ്മരണ പ്രഭാഷണം നടത്തി. അതോടൊപ്പം തന്നെ കഴിഞ്ഞ 23 വർഷമായി അദ്ദേഹത്തിന്റെ ക്ലിനിക്കിൽ പ്രവർത്തിച്ചു വന്നിരുന്ന IHK യുടെ ഹെഡ് ഓഫീസ് ഔദ്യോഗികമായി സംസ്ഥാന

ജനറൽ സെക്രട്ടറിക്ക് കൈമാറ്റം ചെയ്തുകൊണ്ട് IHK ഭവനിലേക്ക് മാറ്റപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ ഇപ്പോഴും നല്ല നിലയിൽ പ്രാക്ടീസ് നടത്തിവരുന്ന 80 വയസ് കഴിഞ്ഞ ഡോ. സുമതിയമ്മയെ സംസ്ഥാന പ്രസിഡന്റ് ഷാൾ അണിയിച്ച് ആദരിച്ചു. തുടർന്ന് ഡോ. സുമതിയമ്മയുടെ മറുപടി പ്രസംഗത്തിൽ ഐ. എച്ച്. കെ. അംഗങ്ങളോട് നന്ദി പറഞ്ഞു. ഐ. എച്ച്. കെ. യുടെ പി. ആർ. ഒ. ഡോ. സുന്ദരം വേലായുധൻ ഡോ. ഹാനിമാന്റെ ഛായാചിത്രം അനാഛാദനം ചെയ്തുകൊണ്ട് സംസാരിച്ചു. ടീച്ചിംഗ് ഫാക്കൽട്ടി ചെയർമ്മാൻ ഡോ. സി. ജെ. വറുഗീസ് മുൻ ഭാരവാഹികളുടെ " Name Board " അനാഛാദനം ചെയ്തു. സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ. പ്രസാദ് ഉമ്മൻ ജോർജ് ഈ സുദിനത്തിൽ ഐ. എച്ച്. കെ. യുടെ 63-ാം മത് യൂണിറ്റായ "കാട്ടാക്കട യൂണിറ്റ്" ന്റെ ഉത്ഘാടനം നിർവഹിച്ചുകൊണ്ട് വിശദമായി സംസാരിച്ചു. അതോടൊപ്പം ഈ വർഷത്തെ നേട്ടങ്ങളെ നിറഞ്ഞമനസ്സോടെ അംഗീകരിച്ചുകൊണ്ട് സംസ്ഥാന നേതൃത്വത്തെ അഭിനന്ദിച്ചു. 2011 ഏപ്രിൽ 10 മുതൽ IHK ഭവൻ പ്രവർത്തന യോഗ്യമാക്കി തുറന്നുകൊടുത്തു. സംസ്ഥാന ട്രഷറർ ഡോ. വി. ആർ. കൃഷ്ണൻകുട്ടി എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

## സോഷ്യൽ സെക്യൂരിറ്റി സ്കീം

IHK വിഭാവനം ചെയ്ത രീതിയിൽ സോഷ്യൽ സെക്യൂരിറ്റി സ്കീം ഈ വർഷം മുതൽ പ്രവർത്തനസജ്ജമായിരിക്കുന്നു. എല്ലാ SC, SEC മീറ്റിംഗുകളിലും SSS പ്രധാന വിഷയമായിരുന്നു. SSS സ്കീമിനെ IHK യുടെ Bye-Law ൽ ഉൾപ്പെടുത്തുകയും ആയതുകൊണ്ട് തന്നെ എല്ലാ അംഗങ്ങളും നിർബന്ധമായും SSS-ൽ അംഗങ്ങളായിരിക്കേണ്ടതുമാണ്. SSS- ന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി IHK സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സംസ്ഥാന ട്രഷറർ, SSS special Officer, SSS മെമ്പർ സെക്രട്ടറി എന്നിവരടങ്ങുന്ന വെൽഫെയർ കമ്മിറ്റി പ്രവർത്തിച്ചു വരുന്നു. SSS ന്റെ ആവശ്യകതയും പ്രവർത്തരീതികളും എല്ലാ SC അംഗങ്ങൾക്കും വിശദീകരിച്ചു നൽകുകയും SC അംഗങ്ങൾ യൂണിറ്റുകളിൽ വിശദീകരിച്ച് നൽകുവാനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. യൂണിറ്റ്

തലത്തിലും സ്റ്റേറ്റ് തലത്തിലും SSS Office Register സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും യൂണിറ്റുകൾക്കും രജിസ്റ്റർ നൽകുകയും ചെയ്തു. SSS വേണ്ടി ഒരു പ്രത്യേക അക്കൗണ്ട് സംസ്ഥാന തലത്തിൽ SBI ൽ തുടങ്ങുവാൻ സാധിച്ചു. IHK യുടെ വെബ്സൈറ്റിൽ SSS സംബന്ധിച്ച എല്ലാ വിവരങ്ങളും അംഗങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. 2011 ഏപ്രിൽ 1 നു ശേഷം ഉണ്ടായേക്കാവുന്ന ക്ലെയിംമുകൾ നൽകേണ്ടതുള്ളതുകൊണ്ട് സംസ്ഥാന, യൂണിറ്റ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കണമെന്നും, രജിസ്റ്റർ സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചാൽ ക്ലെയിമിന് അർഹത ഉണ്ടായിരിക്കുന്നതല്ലെന്നും ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഇത്രയും ഭംഗിയായി SSS ഈ വർഷം മുന്നോട്ടു കൊണ്ടുപോയ Spl.Officer ഡോ. ജി. ഗിരിശങ്കറിനോടും മെമ്പർ സെക്രട്ടറി ഡോ. സ്റ്റാലിൻ കുര്യനോടും IHK യുടെ നന്ദി അറിയിക്കുന്നു.

## ഐ. എച്ച്. കെ. ന്യൂസ് ഓഫീസ്

പ്രവർത്തന വർഷം ഐ. എച്ച്. കെ. ന്യൂസ് മാനേജിങ്ങ് എഡിറ്ററായി ഡോ. ഇ. നീരജും, ചീഫ് എഡിറ്ററായി ഡോ. എസ്. പ്രേംപ്രകാശും നല്ല നിലയിൽ പ്രവർത്തിച്ചു. കഴിഞ്ഞ ഒരു വർഷക്കാലം ഐ. എച്ച്. കെ. ന്യൂസിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഏറെ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ട് വളരെ ഭംഗിയായി 11 ലക്കം ഐ. എച്ച്. കെ. ന്യൂസ് പുറത്തിറക്കി. ഓരോ ലക്കവും ഓരോ പ്രത്യേക വിഷയങ്ങളെ ആസ്പദമാക്കി, പരാതിക്കൾക്ക് അതീതമായി എല്ലാ അംഗങ്ങൾക്കും ഐ. എച്ച്. കെ. ന്യൂസ് എത്തിച്ചു നൽകി. ഈ വർഷം ഏറെ പ്രതിസന്ധികൾ നേരിടേണ്ടിവന്നെങ്കിലും എല്ലാവരുടേയും ആത്മാർഥമായ സഹകരണം കൊണ്ട് എല്ലാ പ്രതിസന്ധികളെയും മറികടക്കുവാൻ സാധിച്ചു. ഒരു സിൽവർ ജൂബിലി സ്പെഷ്യൽ ലക്കവും, ഒരു ഓർഗനോൺ സ്പെഷ്യൽ ലക്കവും വളരെ ഭംഗിയായി അംഗങ്ങളിലെത്തിച്ചു. ഐ. എച്ച്. കെ. ന്യൂസിന്റെ വിജയത്തിനായി ലേഖനങ്ങളും, പരസ്യങ്ങളും നൽകി സഹായിച്ച എല്ലാ അംഗങ്ങളോടും വിജയകരമായി ഐ. എച്ച്. കെ. ന്യൂസ് ഓഫീസ് കൈകാര്യം ചെയ്ത മാനേജിങ്ങ് എഡിറ്റർ ഡോ. ഇ. നീരജ് നോടുള്ള ഐ. എച്ച്. കെ. യുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

## യൂണിറ്റ് ആക്റ്റിവിറ്റീസ്

യൂണിറ്റ് റിപ്പോർട്ടിംഗ് ഫോർമാറ്റ്, കണ്ടക്റ്റ് റൂൾ, നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ തുടങ്ങിയവ പ്രവർത്തന വർഷത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാ യൂണിറ്റ് സെക്രട്ടറിമാർക്കും എത്തിച്ചു നൽകി. എല്ലാ മാസവും യൂണിറ്റുകളുമായി ടെലിഫോൺ വഴി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടിരുന്നു. ഭൂരിഭാഗം യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും 20 യൂണിറ്റുകളാണ് കൃത്യമായി പ്രവർത്തനങ്ങൾ അറിയിച്ചുകൊണ്ടിരുന്നത്. അപൂർവ്വം ചില യൂണിറ്റുകൾ പ്രവർത്തനത്തിൽ പിന്നോക്കം പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈക്കം, കൊച്ചി, ചാലക്കുടി, തൃശ്ശൂർ, ഇടുക്കി, പുനലൂർ തുടങ്ങിയ യൂണിറ്റുകളിൽ നേരിട്ട് സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രവർത്തന വർഷത്തെ എല്ലാ SC, SEC മീറ്റിംഗുകളിൽ സജീവമായി പങ്കെടുകൊത്തുകൊണ്ട് സജീവമായി പ്രവർത്തിച്ച സംസ്ഥാന യൂണിറ്റ് ആക്ടിവിറ്റി സെക്രട്ടറി ഡോ. വി.കെ. ദേവരാജനോട് നന്ദിയും കടപ്പാടും അറിയിക്കുന്നു.

## അംഗത്വവികസനം

തിരുവനന്തപുരം - 8, കൊല്ലം - 4, ആലപ്പുഴ - 4, പത്തനംതിട്ട - 3, കോട്ടയം - 7, ഇടുക്കി - 2, എറണാകുളം-11, തൃശ്ശൂർ -3, പാലക്കാട് -2, മലപ്പുറം -6, കോഴിക്കോട്-6, വയനാട് -1, കണ്ണൂർ-3, എന്നിങ്ങനെ 2010-2011 പ്രവർത്തന വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ ആകെ 60 യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. മുൻവർഷത്തേക്കാൾ അധികമായി ആജീവനാന്ത അംഗങ്ങളെയാണ് നമുക്ക് ഈ വർഷം സംഘടനയിലേക്ക് കൊണ്ടുവരാനായി കഴിഞ്ഞത്. അംഗത്വ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ സംസ്ഥാന അംഗത്വ വികസന സെക്രട്ടറി, ഡോ. ഷിബി. പി. വറുഗ്ഗീസിന് നന്ദി.

## IHK Trust

ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം തുടർ വിദ്യാഭ്യാസ പരപാടിയുടെ ഭാഗമായി 'Hycon' എന്ന പ്രോഗ്രാം 9 ഭാഗങ്ങളായി വിജയകരമായി നടത്തപ്പെട്ടു. 06/03/2011 ൽ എറണാകുളത്ത് ഹോട്ടൽ ഓർക്കിഡിൽ, സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുകൊണ്ട് പ്രസ്തുത പ്രോഗ്രാം അവസാനിച്ചു. 'Success 2010' എന്ന പ്രോഗ്രാം കുട്ടിക്കാനത്ത് 2010 ഡിസംബർ മാസം ഭംഗിയായി നടത്തപ്പെട്ടു. Research Center തുടങ്ങുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് IHK Bhavan ൽ ഒരു OP വിഭാഗം 2009 ഒക്ടോബറിൽ ആരംഭിച്ച് പ്രവർത്തനം തുടരുന്നു. IHK Trust അംഗങ്ങൾക്കുള്ള 'ID Card' 2011 ലെ വാർഷിക സമ്മേളത്തിൽ വിതരണം ചെയ്യുന്നതാണ്.

പൊതുജനങ്ങൾക്ക് വേണ്ടി തുടങ്ങാൻ ഉദ്ദേശിക്കുന്ന മാസിക രജിസ്റ്റർ ചെയ്തു. IHK Trust നായി ഒരു വെബ്സൈറ്റ് നിലവിൽ വന്നു. IHK Trust ന്റെ ഭരണകാലാവധി അവസാനിച്ച സാഹചര്യത്തിൽ 2011 മെയ് 1-ാം തീയതി പുതിയ തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.

## C.C. H

ഡോ. എസ്. വിദ്യാ പ്രകാശ്, ഡോ. കെ. വി. ജോൺ എന്നിവരാണ് ഐ. എച്ച്. കെ. യുടെ പ്രതിനിധികളായി C. C. H. ൽ അംഗങ്ങളായിട്ടുള്ളത്.

അംഗീകൃത യോഗ്യത ഇല്ലാത്തവർക്ക് പ്രാക്ടീസ് ചെയ്യുന്നതിനായി അനുവാദം നല്കുവാനുള്ള സർക്കാർ ഉത്തരവിനെതിരെ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ ഐ. എച്ച്. കെ. സംസ്ഥാന പ്രസിഡന്റ് ഡോ. കെ. സി. പ്രശോഭ് കുമാർ 22.06.2009 ൽ C.C.H. ന് കത്ത് നൽകുകയും, 20.07.2009 ൽ ചേർന്ന C.C.H. മീറ്റിംഗിൽ പ്രസിതുത ഉത്തരവ് ഗവൺമെന്റ് പിൻവലിക്കണമെന്നും 1973 ലെ നിലവിലുള്ള H.C.C. ആക്റ്റിന് വിധേയമായി പ്രവർത്തിക്കണമെന്നും തീരുമാനമുണ്ടാകുകയും ചെയ്തു. ജനറൽ സെകറട്ടറിയുടെ ആവശ്യപ്രകാരം 15.08.2010 ൽ C.C.H. ൽ നിന്നു ലഭിച്ച പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് കേസിന് വളരെ പ്രധാനപ്പെട്ട രേഖയായി കോടതി പരിഗണിച്ചു.

21.02.2011 ലെ സർക്കാർ ഉത്തരവിനെതിരെ നടപടി ആവശ്യപ്പെട്ടുകൊണ്ട് ഡോ. കെ. വി. ജോൺ നൽകിയ പ്രമേയം 25.03.2011 ൽ കൂടിയ 46-ാം മത് C.C.H. മീറ്റിംഗിൽ ചർച്ചചെയ്യുകയും സർക്കാർ നടപടി 1973 ലെ H. C. C. ആക്റ്റിന് വിരുദ്ധമാണെന്നും പ്രസ്തുത സർക്കാർ നടപടി പിൻവലിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെടാനും C.C.H. തീരുമാനിച്ചു.

ഐ. എച്ച്. കെ. യുടെ ആവശ്യപ്രകാരം ഹോമിയോപ്പതിക്ക് വേണ്ടി നിലകൊണ്ട എല്ലാ C.C. H. അംഗങ്ങളോടും ഐ. എച്ച്. കെ. യുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

## 2010-2011 ൽ IHK യുടെ വേദികൾ പങ്കിട്ട പ്രധാന വ്യക്തികൾ

1. ബഹു. കേരള മുഖ്യമന്ത്രി **ശ്രീ. വി.എസ്. അച്യുതാനന്ദൻ**
2. ബഹു. കേന്ദ്രമന്ത്രി **ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ**
3. ബഹു. കേന്ദ്രമന്ത്രി **ശ്രീ. കെ.വി. തോമസ്**
4. ബഹു. ചാലക്കുടി M.L.A. **ശ്രീ. സി. ടി. ദേവസി**
5. ബഹു. ചേർത്തല **MLA** **ശ്രീ. തിലോത്തമൻ**
6. ബഹു. എറണാകുളം MLA **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**

## IHK അവാർഡുകൾ 2010–2011

2011 ഏപ്രിൽ 3–ാം തിയതി കോട്ടയം എസ്.എൻ ലോഡ്ജിൽ രാവിലെ 10.00ന് അവാർഡ് കമ്മിറ്റി ചേർന്നു. ഡോ. കെ.സി. പ്രശോഭ്കുമാർ അദ്ധ്യക്ഷനായിരുന്ന കമ്മിറ്റി താഴെപറയും വിധം അവാർഡുകൾ പ്രഖ്യാപിച്ചു.

**കാറ്റഗറി എ. – യൂണിറ്റ് അവാർഡ്**

| | | |
|---|---|---|
| മെഡിക്കൽ ക്യാമ്പ് | - | പുനലൂർ യൂണിറ്റ് |
| പൊതുജന ബോധവത്ക്കരണം | - | ചേർത്തല യൂണിറ്റ് |
| യൂണിറ്റ് റിപ്പോർട്ടിംഗ് | - | കൊടുങ്ങല്ലൂർ യൂണിറ്റ് |
| യൂണിറ്റ് ബുള്ളറ്റിംങ്ങ് | - | കൊല്ലം യൂണിറ്റ് |
| അംഗത്വ വികസനം | - | കൊല്ലം യൂണിറ്റ് |
| മികച്ച യൂണിറ്റ് | - | കൊല്ലം യൂണിറ്റ് |
| മികച്ച രണ്ടാമത് യൂണിറ്റ് | - | തൃശ്ശൂർ യൂണിറ്റ് |
| മികച്ച ജില്ല | - | പത്തനം തിട്ട ജില്ല |
| മികച്ച രണ്ടാമത് ജില്ല | - | കോട്ടയം ജില്ല |

**കാറ്റഗറി ബി. വ്യക്തിഗത അവാർഡ്**

| | | |
|---|---|---|
| മികച്ച ലേഖനം | - (1) | ഡോ. ഷറീജ് ജോസ് *( ഇടുക്കി യൂണിറ്റ്)* |
| | (2) | ഡോ. ജിംറിസ് സാദ്ദിക്ക് *(കണ്ണൂർ യൂണിറ്റ്)* |
| മികച്ച ലേഡി സെക്രട്ടറി | - | ഡോ. ഗീതാ ചന്ദ്രൻ *(തിരുവല്ല–ചെങ്ങന്നൂർ യൂണിറ്റ്)* |
| മികച്ച യൂണിറ്റ് പ്രസിഡന്റ് | - | ഡോ. ജി. ഭദ്രൻ *( നെയ്യാറ്റിൻകര യൂണിറ്റ്)* |
| മികച്ച പരിശീലകൻ | - (1) | ഡോ. എസ്. ഗോപി കുമാർ *(ആറ്റിങ്ങൽ യൂണിറ്റ്)* |
| | (2) | ഡോ. വിൻസ്റ്റൺ *വറുഗീസ് ( നെയ്യാറ്റിൻകര യൂണിറ്റ്)* |
| പാർലമെന്റേറിയൻ അവാർഡ് | - | ഡോ. സലിം കുമാർ *(എറണാകുളം യൂണിറ്റ്)* |
| മികച്ച യൂണിറ്റ് സെക്രട്ടറി | - | ഡോ. എം. എൻ. ലോകേഷ് റാവു *(കൊച്ചി യൂണിറ്റ്)* |

| | |
|---|---|
| മികച്ച രണ്ടാമത് സെക്രട്ടറി | - ഡോ. പി.എൻ. ഹരിലാൽ *( കൊല്ലംയൂണിറ്റ്)* |
| മികച്ച ജില്ലാ സെക്രട്ടറി | - ഡോ. അവിനാഷ് നായർ *(പത്തനംതിട്ട ജില്ല)* |
| മികച്ച രണ്ടാമത് ജില്ല സെക്രട്ടറി | - ഡോ. സി. ആർ. ശ്രീകുമാർ *(കോട്ടയം ജില്ല)* |
| **ഡോ. N.K. ജയറാം അവാർഡ്** | - ഡോ. ദിലീപ് കുമാർ *(ചേർത്തല യൂണിറ്റ്)* |
| ശ്രവ്യ മാധ്യമ അവാർഡ് | - ഡോ. റ്റിറ്റി ഡാനിയൽ *(തിരുവല്ല-ചെങ്ങന്നൂർ യൂണിറ്റ്)* |
| അച്ചടി മാധ്യമ അവാർഡ് | - ഡോ. കെ.കെ. ഹരിദാസ് *(ബാലശ്ശേരി യൂണിറ്റ്)* |
| ദൃശ്യ മാധ്യമ അവാർഡ് | - ഡോ. കരംചന്ദ് *(ചോറ്റാനിക്കര യൂണിറ്റ്)* |

**മെറിറ്റ് അവാർഡ്**

| | |
|---|---|
| SSLC | - ഹരികൃഷ്ണ എസ്. S/o. ഡോ. ഷാലി *(പുനലൂർ യൂണിറ്റ്)* |
| CBSE | - അൽതാഫ് S/o. ഡോ. ലൈല നിസാം *(കൊല്ലം യൂണിറ്റ്)* |
| BHMS | - കെ. രഞ്ജു രാജ് *(ഡോ. പടിയാർ മെമ്മോറിയൽ മെഡിക്കൽ കോളേജ്)* |

**കാറ്റഗറി സി.**

| | | |
|---|---|---|
| ദൃശ്യ മാധ്യമ അവാർഡ് | - | സൂര്യ ടി.വി. |
| ശ്രവ്യ മാധ്യമ അവാർഡ് | - | എ.ഐ.ആർ (തൃശ്ശൂർ) |
| അച്ചടി മാധ്യമ അവാർഡ് | - | മാതൃഭൂമി ദിനപത്രം |

**ജില്ലാ പ്രവർത്തനങ്ങൾ**

***പത്തനംതിട്ട ജില്ല*** – തിരുവല്ല-ചെങ്ങനൂർ, പത്തനംതിട്ട, അടൂർ-പന്തളം, എന്നീ മൂന്നു യൂണിറ്റുകൾ ചേർന്നതാണ് പത്തനംതിട്ട ജില്ല. 2010–2011 ൽ മികച്ച പ്രവർത്തനങ്ങൾ നടത്തുകയും, പ്രവർത്തനങ്ങൾ സംസ്ഥാന ജനറൽ സെക്രട്ടറിയെ യഥാസമയം അറിയിക്കുകയും ചെയ്ത ജില്ലാ പ്രസിഡന്റ് ഡോ. തുളസീധരനും, ജില്ലാ സെക്രട്ടറി ഡോ. അവിനാഷ് നായർക്കും അഭിനന്ദനങ്ങൾ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എന്ന നിലയിൽ എല്ലാ മീറ്റിംഗുകളിലും പങ്കെടുത്തുകൊണ്ട് ജില്ലാ സെക്രട്ടറി തന്റെ കടമ നിർവ്വഹിക്കുന്നതിൽ വിജയിച്ചു. പ്രവർത്തനവർഷത്തിൽ 6 ജില്ലാ കമ്മിറ്റി മീറ്റിംഗുകൾ, 3 ജില്ലാ സെമിനാറുകൾ, 2 യൂണിറ്റുകളിൽ ഓണാഘോഷപരിപാടികൾ, ക്രിസ്തുമസ് ആഘോഷങ്ങൾ, 4 മെഡിക്കൽ ക്യാമ്പുകൾ, അംഗത്വ വികസനത്തിൽ

ജില്ലയിൽ പ്രവർത്തനവർഷം 21 പുതിയ അംഗങ്ങൾ, SSS നോട് പൂർണ്ണമായി സഹകരിച്ചുകൊണ്ട് കൃത്യസമയത്ത് രജിസ്റ്റർ പൂർത്തിയാക്കി തിരികെ ഏൽപ്പിച്ചു. സംസ്ഥാന സെമിനാറുകളിൽ മികച്ച പങ്കാളിത്തം, ജില്ലയിലെ മുതിർന്ന ഡോക്ടർമാരെ ആദരിക്കൽ ചടങ്ങ്, IHK സംസ്ഥാന നേതൃത്വത്തെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ജില്ലാ സെമിനാറുകൾ. ജില്ലയിലെ യൂണിറ്റായ തിരുവല്ല-ചെങ്ങന്നൂർ യൂണിറ്റിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടതായിരുന്നു. യൂണിറ്റിലെ ഒരു അംഗത്തിന്റെ കുട്ടിയുടെ ചികിത്സാ സഹായത്തിനായി ഏറെ പ്രശംസനീയമായ, മാതൃകാപരമായ പ്രവർത്തനം നടത്തി വിജയിപ്പിച്ചു. IHK യുടെ ചരിത്രത്തിലാദ്യമായി ഏകദേശം 1,75,000/- രൂപ സഹായ ധനമായി നൽകപ്പെട്ടു. തുടർന്ന് എല്ലാപരിപാടികളുടെയും രേഖകളുൾപ്പെടെ വാർഷിക റിപ്പോർട്ട് കൃത്യസമയത്ത് എത്തിച്ചു തരികയും ചെയ്ത പത്തനംതിട്ട ജില്ലാ സെക്രട്ടറിയോടും, കമ്മിറ്റി അംഗങ്ങളോടും നന്ദി അറിയിക്കുന്നു.

***കോട്ടയംജില്ല***

ഡോ. പി.മുരളീധരൻ നായർ പ്രസിഡന്റും, ഡോ. സി. ആർ. ശ്രീകുമാർ സെക്രട്ടറിയും, ഡോ. ജോർജ്ജ് കുര്യൻ ട്രഷററുമായി, ഈ വർഷത്തെ ജില്ലാ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രവർത്തന വർഷത്തിൽ 4 ജില്ലാകമ്മിറ്റി മീറ്റിംഗുകൾ നടത്തപ്പെട്ടു. ജില്ലാകമ്മിറ്റിയുടെ നോതൃത്വത്തിൽ IHK യുടെ 10-ാം മത് സംസ്ഥാന കുടുംബസംഗമം കുമരകത്ത് വളരെ ഭംഗിയായി നടത്തപ്പെട്ടു. അംഗത്വ വികസനത്തിൽ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുവാൻ ജില്ലാ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചു. 2 സംസ്ഥാന ശാസ്ത്രസെമിനാറുകളിലും നല്ല രീതിയിൽ അംഗങ്ങളെ പങ്കെടുപ്പിക്കുവാനും സാധിച്ചു. മെഡിക്കൽ കൗൺസിൽ മുമ്പാകെ AKHCC നടത്തിയ ധർണ്ണിൽ ജില്ലയിൽ നിന്നും 25 അംഗങ്ങളെ പങ്കെടുപ്പിച്ചു.

കോട്ടയം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പിള്ളി, കറുകച്ചാൽ, വൈക്കം, പാല, ഏറ്റുമാനൂർ എന്നീ യൂണിറ്റുകൾ ചേർന്നതാണ് കോട്ടയം ജില്ല. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കൂടിയായ ജില്ലാ സെക്രട്ടറി ഡോ. സി. ആർ. ശ്രീകുമാർ എല്ലാ മീറ്റിംഗുകളിലും ജില്ലയുടെ പ്രതിനിധി എന്ന നിലയിൽ പങ്കെടുത്ത് സഹകരിച്ചു. ജില്ലയിലെ എല്ലാ പ്രവർത്തകർക്കും അംഗങ്ങൾക്കും നന്ദി അറിയിക്കുന്നു.

## കൊല്ലം ജില്ല

പ്രവർത്തന വർഷത്തിൽ ഡോ. വറുഗീസ് റ്റി. മാന്തോട്ടം പ്രസിഡന്റായും, ഡോ. പി. എസ്. ശ്രീകാന്ത് സെക്രട്ടറിയായും, ഡോ. എസ്. സുരേഷ് ട്രഷററായും ജില്ലാ ഭാരവാഹികളായി തിരെഞ്ഞെടുക്കപ്പെട്ടു. സംസ്ഥാന തലത്തിൽ ഈ വർഷം സംഘടിപ്പിച്ച ആദ്യ പരിപാടിയായി നേതൃത്വ പരിശീലന ക്യാമ്പ് ഭംഗിയായി ജില്ലയിൽ സംഘടിപ്പിച്ചു. കൊല്ലം, പുനലൂർ, കൊട്ടരക്കര, കരുനാഗപ്പിള്ളി എന്നീ യൂണിറ്റുകൾ ചേർന്നതാണ് കൊല്ലം ജില്ല. പ്രസ്തുത യൂണിറ്റുകളിൽ എല്ലാമാസവും തുടർവിദ്യാഭ്യാസ പരിപാടികൾ സംഘടിക്കപ്പെട്ടു. ഒക്ടോബർ 6, മാർച്ച് 6 എന്നീ തീയതികളിൽ 2 ജില്ലാ സെമിനാറുകളും നടത്തപ്പെട്ടു. ജില്ലാ സെമിനാറിൽ സംസ്ഥാന പ്രസിഡൻറ് ഡോ. ബ്രിട്ടോ സിറിയക് ജോസഫ് പ്രധാന അതിഥിയായിരുന്നു. IHK യുടെ സിൽവർജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടന ചടങ്ങിൽ ജില്ലയിൽ നിന്നും 40 ഓളം അംഗങ്ങൾ പങ്കെടുത്തു. 2 മെഡിക്കൽ ക്യാമ്പുകളും കുടുംബസംഗമവും കൊല്ലം യൂണിറ്റിന്റെ മേൽനോട്ടത്തിൽ നടത്തപ്പെട്ടു. ജില്ലയിലെ പ്രധാന യൂണിറ്റുകളിൽ ഒന്നായ പുനലൂർ യൂണിറ്റിൽ കുടുംബസംഗമവും, ടൂർ പ്രോഗ്രാമും നടത്തപ്പെട്ടു. മാസം തോറും നടത്തപ്പെടുന്ന മെഡിക്കൽ ക്യാമ്പിനെ കൂടാതെ 23 സൗജന്യ മെഡിക്കൽ ക്യാമ്പുകൾ ഈ വർഷം നടത്തപ്പെട്ടു. ജില്ലയിലെ പ്രവർത്തനങ്ങൾ ഭംഗിയായി സംഘടിപ്പിച്ച പ്രസിഡന്റ് ഡോ. വറുഗീസ് റ്റി. മാന്തോട്ടം, സെക്രട്ടറി ഡോ. വി. എസ്. ശ്രികാന്ത്, എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

## മലപ്പുറം ജില്ല

ഡോ. പി. ജാഫർ പ്രസിഡന്റായും പി.എ. നൗഷാദ് സെക്രട്ടറിയായും ഡോ. ജാഫർ അലി ട്രഷററായും ഈ വർഷം മലപ്പുറം ജില്ലാ കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. പ്രവർത്തനത്തിന്റെ തുടക്കത്തിൽ തന്നെ **'മഴക്കാല രോഗങ്ങൾക്കും, പകർച്ചവ്യാധികൾക്കും ഹോമിയോപ്പതി ചികിത്സ ഫലപ്രദം'** എന്ന പോസ്റ്ററുകൾ എല്ലാ ക്ലിനിക്കുകളിലും എത്തിച്ചു. ജില്ലാ കമ്മിറ്റി ഏറ്റെടുത്ത സംസ്ഥാന പരിപാടി ട്രൈനേഴ്സ് ട്രൈനിംഗ് പ്രോഗ്രാം തിരൂർ യൂണിറ്റ് ഭംഗിയായി നടപ്പിലാക്കി. ഈ വർഷം 3 ജില്ലാ സെമിനാറുകളും സംഘടിപ്പിച്ചു. നിലമ്പൂർ യൂണിറ്റ് സംഘടിപ്പിച്ച ജില്ലാ സെമിനാർ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ബി. സുരേഷ് ഉത്ഘാടനം ചെയ്തു. പെരിന്തൽമണ്ണയിൽ നടന്ന സെമിനാർ മുനിസിപ്പൽ ചെയർപേഴ്സണും മഞ്ചേരി

സെമിനാറിൽ സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോ സിറിയക് ജോസഫും പങ്കെടുത്തു. തിരൂർ, കൊണ്ടോട്ടി, പെരുന്തൽമണ്ണ, മഞ്ചേരി, കുറ്റിപ്പുറം, നിലമ്പൂർ എന്നീ യൂണിറ്റുകൾ ചേർന്നതാണ് മലപ്പുറം ജില്ലാ. ജില്ലയിലെ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ നിലമ്പൂർ യൂണിറ്റ് ഏറ്റവും മുൻനിരയിൽ നിൽക്കുന്നു. ഡോ. ബിനു സന്തോഷിനെപ്രത്യേകം അഭിനന്ദിക്കുന്നു. മലഞ്ചേരി യൂണിറ്റിന്റെട്രഷററായിരുന്ന ഡോ. തോമസ് ആന്റണിയുടെ നിര്യാണം ജില്ലക്ക് വലിയ നഷ്ടമായി. കൊണ്ടോട്ടി യൂണിറ്റ് സെക്രട്ടറി ഡോ. അബ്ദുള്ളകുട്ടി സ്കൂൾകുട്ടികൾക്കായി 9 ബോധവത്കരണ ക്ലാസ്സുകൾ നടത്തി തിരൂർ യൂണിറ്റ് 7 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. സംസ്ഥാന തലത്തിൽ നടത്തിയ പരിപാടികളിൽ ജില്ലാ പ്രാതിനിധ്യം ഉറപ്പാക്കിയിരുന്നു. ജില്ലാ സെക്രട്ടറി ഡോ. പി.എ. നൗഷാദിനോടും കമ്മിറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കട്ടെ.

## ***ആലപ്പുഴ ജില്ല***

ആലപ്പുഴ, ചേർത്തല, കായംകുളം, ഹരിപ്പാട് എന്നീ യൂണിറ്റുകൾ ചേർന്നതാണ് ആലപ്പുഴ ജില്ല. ഈ വർഷം 2 ജില്ലാ കമ്മിറ്റി മീറ്റിംഗുകളും ഒരു ജില്ലാ സെമിനാറും സംഘടിപ്പിക്കപ്പെട്ടു. ചേർത്തല യൂണിറ്റിന്റെ മേൽനോട്ടത്തിൽ 72-ാം മത് സംസ്ഥാന ശാസ്ത്ര സമ്മേളനം ഭംഗിയായി നടത്തപ്പെട്ടു. പൊതുജനങ്ങൾക്കായി നടത്തിയ എക്സിബിഷൻ എറെ പ്രയോജനകരവും വിജയകരവുമായിരുന്നു. ജില്ലയിൽ നിന്നുള്ള സംസ്ഥാന ഭാരവാഹികളുടെ സഹകരണം പ്രത്യേകം എടുത്തു പറയേണ്ടതാണ്. ജില്ലയിലെ മുഴുവൻ അംഗങ്ങളോടും പ്രത്യേകിച്ച് ജില്ലാ കമ്മിറ്റിയോടും നന്ദി അറിയിക്കുന്നു.

## **കൃതജ്ഞത**

ഐ. എച്ച്. കെ. രജതജൂബിലിയാഘോഷങ്ങൾ, ഐ. എച്ച്. കെ. ഭവൻ, വെബ്സൈറ്റ്, ഐ. എച്ച്. കെ. ന്യൂസ് തുടങ്ങിയ പ്രോജക്ടുകളിൽ സാമ്പത്തികസഹായ സഹകരണങ്ങൾ നൽകിയ ഓരോ വ്യക്തികളോടും നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് ശാരദാകൃഷ്ണ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സി. കെ. മോഹൻ, ഡോക്ടർ ഇസ്മായിൽ സേഠ്, ഡോക്ടർ ഷൈൻകുമാർ, ഡോക്ടർ ജോളി ജനാർദ്ദനൻ, ഡോക്ടർ ദിലീപ്കുമാർ, ഹോംകോ ഡയറക്ടർ ഡോക്ടർ. പി. വി. സന്തോഷ്കുമാർ, സിമിലിയ ലാബോറട്ടറി, ഹെറിങ് ഫാർമ, ഐ. എച്ച്. കെ. കൊച്ചി യൂണിറ്റ്, ഡോക്ടർ രഞ്ജിത്ത് കുമാർ പടിയാർ കോളേജ്,

ഡോക്ടർ എ. റ്റി. തോമസ് മോഹൻ, ഡോക്ടർ സാദത് സേഠ് എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ വർഷത്തെ SC SEC മീറ്റിംഗുകളുടെ മിനിട്സ് രേഖപ്പെടുത്തുവാൻ സഹായിച്ച കോട്ടയം ജില്ലാ സെക്രട്ടറി ഡോ. സി. ആർ. ശ്രീകുമാറിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

2010-2011 വർഷക്കാലം ഐ.എച്ച്.കെ. എന്ന മഹത്തായ സംഘടനയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ എന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുകയും ക്രിയാത്മകമായ വിമർശ്ശനങ്ങൾ നടത്തുകയും ചെയ്ത എല്ലാ അംഗങ്ങളോടും SC, SEC അംഗങ്ങളോടും പ്രത്യേകിച്ച് സംസ്ഥാന പ്രസിഡന്റ് ഡോ. ബ്രിട്ടോസിറിയക് ജോസഫ്, ട്രഷറർ ഡോ. വി.ആർ. കൃഷ്ണൻകുട്ടി. P.R.O. ഡോ. സുന്ദരം വേലായുധൻ എന്നിവരേടുമുള്ള നന്ദിയും കടപ്പാടും നിറഞ്ഞ മനസ്സോടെ രേഖപ്പെടുത്തിക്കൊണ്ട് പ്രവർത്തന വർഷത്തിൽ എന്റെ പ്രവർത്തനങ്ങൾ ഏതെങ്കിലും അംഗങ്ങൾക്ക് ബുദ്ധിമുട്ടായി അനുഭവപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിനെ വ്യക്തിപരമായി കാണാതെ സംഘടനാപരമായി കണ്ടുകൊണ്ട് സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വാർഷിക റിപ്പോർട്ട് താങ്കളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

15/04/2011
വളയൻചിറങ്ങര

**ഡോ. ബി. സുരേഷ്**
**ജനറൽ സെക്രട്ടറി ഐ.എച്ച്.കെ**
9496513611, 9447602326

.